പുതുവർഷപ്പതിപ്പ്

# അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

നം . 01/2019 | ഫെബ്രുവരി 2019 | തിരുവനന്തപുരം | പേജ് 16 | വില 10 രൂപ



അംഗത്തിന് അയോഗ്യത, ഉത്തരവ് സ്റ്റേ ചെയ്തു » 02

ഭരണഘടനാസാക്ഷരതയുടെ ആവശ്യകത » 03

സർഫാസി നിയമം പുതിയ നിയമസഭാ സമിതി » 06

## ചീഫ് എഡിറ്ററുടെ ഡെസ്കിൽ നിന്ന്

കേരള നിയമസഭയുടെ ഔദ്യോഗിക ഓൺലൈൻ ന്യൂസ് ലെറ്ററിന്റെ ഒന്നാം പതിപ്പിന് വിവിധ മേഖലകളിൽ നിന്നും നല്ല പ്രതികരണങ്ങളാണ് ലഭിച്ചിട്ടുള്ളത്. മാധ്യമ സ്വാതന്ത്ര്യത്തിന്റെപുത്തൻ വാതായനങ്ങൾ തുറക്കുന്ന 'അറിവോര'ത്തെ കൂടുതൽ ജാഗ്രതയോടെയും ഉത്തരവാദിത്ത ബോധത്തോടെയും സമീപിക്കാൻ ഇത് ഊർജ്ജം പകരുന്നു.

ഭാരതത്തിന് ശക്തമായ ഒരു ഭരണഘടനയും ജനാധിപത്യ സംവിധാനവുമാണുള്ളത്.ഭരണഘടനാ മൂല്യങ്ങളേയും തത്വങ്ങളേയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഉയരുന്ന വേളയിലാണ് ഭരണഘടനാ ദിനമായി ആചരിച്ചുകൊണ്ട് നവംബർ 26 കടന്നുപോയത്. ലോകരാജ്യങ്ങളിൽ എഴുതപ്പെട്ട ഏറ്റവും ബൃഹത്തായ ഭരണഘടന തയ്യാറാക്കിയതുമായി ബന്ധപ്പെട്ട ചരിത്ര വസ്തുതകളിലൂടെ......

ഭരണഘടനാ നിർമ്മാണ സഭയുടെ ഇരുന്നൂറ്റി എൺപത്തിനാല് അംഗങ്ങളിൽ ഡോ.ബി.ആർ.അംബേദ്കർ ആദ്യം ഉണ്ടായിരുന്നില്ല. പശ്ചിമ ബംഗാളിൽ നിന്നുള്ള ഒരു അംഗം രാജിവച്ചതിനെത്തുടർന്നു വന്ന ഒഴിവിൽ നെഹ്രുവിന്റെയും മൗലാനാ അബുൾ കലാം ആസാദിന്റെയും ഗാന്ധിജിയുടെയും നിർദ്ദേശ പ്രകാരം മഹാരാഷ്ട്രയിൽ നിന്ന് പ്രൊവിൻഷ്യൽ കൗൺസിലിലേക്ക് മത്സരിച്ച് ജയിച്ചാണ് അംബേദ്കർ ഭരണഘടനാ നിർമ്മാണ സഭയിൽ അംഗമാകുന്നത്. 1946 ഡിസംബർ 9 ന് ഭരണഘടനാ നിർമ്മാണ സഭയുടെ ആദ്യയോഗം ചേർന്നു. യോഗത്തിൽ ഡോ.രാജേന്ദ്രപ്രസാദിനെ അദ്ധ്യക്ഷനായി തെരഞ്ഞെടുത്തു. ഭരണഘടന എന്തായിരിക്കണമെന്നും അതിന്റെ ചരിത്രപശ്ചാത്തലം, ധാർമ്മികമൂല്യങ്ങൾ, ഉയർത്തിപ്പിടിക്കേണ്ട തത്വങ്ങൾ എന്നിവയും വിശദീകരിച്ച് ജവഹർലാൽ നെഹ്റു ഒരു പ്രമേയം അവതരിപ്പിച്ചു. ഈ പ്രമേയമാണ് ഒബ്ജക്ടീവ്സ് റെസല്യൂഷൻ. ഭരണഘടനയുടെ കരട് തയ്യാറാക്കാൻ രണ്ടുവർഷവും പതിനൊന്നുമാസവും പതിനേഴ് ദിവസവുമെടുത്തു. അതിനുവേണ്ടി പതിനൊന്ന് അസംബ്ലി യോഗങ്ങൾ 165 ദിവസങ്ങളിലായി ചേർന്നു.

ഭരണഘടനയുടെ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയെ 1947 ആഗസ്റ്റ് 29 നാണ് തെരഞ്ഞെടുത്തത്. ഡ്രാഫ്റ്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ഭരണഘടനയ്ക്ക് 395 അനുച്ഛേദങ്ങളും 8 പട്ടികകളും ഉണ്ടായിരുന്നു. 1949 നവംബർ 26-ന് ഭരണഘടനയുടെ കരട് അംഗീകരിച്ചു. അംഗീകരിച്ച കരടിൽ 1950 ജനുവരി 24-ാം തീയതി ഇരുന്നൂറ്റി എൺപത്തിനാല് അംഗങ്ങൾ ഒപ്പിട്ടു.

1950 ജനുവരി 26 ന് ഭരണഘടന നിലവിൽ വന്നതോടെ ഭരണഘടനാ നിർമ്മാണ സഭ പിരിച്ചുവിടുകയും ആദ്യത്തെ പ്രൊവിൻഷ്യൽ പാർലമെന്റായി അതിനെ രൂപമാറ്റം വരുത്തുകയും ചെയ്തു. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്ന 1952 വരെ ഈ പാർലമെന്റ് തുടരുകയായിരുന്നു.

ഭരണഘടനയുടെ കരട് നിർമ്മാണത്തിനായി ആകെ 63,96,279 രൂപ ചെലവായിട്ടുണ്ട്. ഭരണഘടനയുടെ കരട് അംഗീകരിച്ചപ്പോൾ ആമുഖം (Preamble) ഉണ്ടായിരുന്നില്ല. സർദാർ കെ.എം.മുൻഷിയും അല്ലാഡി കൃഷ്ണസ്വാമിയും മറ്റു ചിലരും ആമുഖത്തിന്റെ ആവശ്യകത ഉന്നയിച്ചതിനെ തുടർന്ന് നെഹ്രുവിന്റെ ഒബ്ജക്ടീവ്സ് റെസല്യൂഷനിലെ പ്രധാനഭാഗങ്ങൾ ഭരണഘടനയുടെ ആമുഖമായി ചേർത്തു.

ദേശീയ പതാക എന്തായിരിക്കണമെന്നുള്ള ചർച്ചയിൽ ഹിന്ദുമഹാസഭയുടെ വക്താക്കൾ കാവിനിറത്തിലുള്ള ദേശീയപതാക വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗങ്ങൾ ത്രിവർണ്ണ പതാകയും അതിൽ ഗാന്ധിജിയുടെ ചർക്കയുടെ ചിത്രവും വേണമെന്ന് നിഷ്ക്കർഷിച്ചു. ഒടുവിൽ ത്രിവർണ്ണ പതാക സ്വീകരിച്ചു. സാരനാഥിലെ അശോകസ്തംഭത്തിലെ ചക്രം രേഖപ്പെടുത്താൻ തീരുമാനിച്ചു. 1947 ജൂലൈ 22 ന് അസംബ്ലി അംഗീകരിച്ച ത്രിവർണ്ണ പതാക ജവഹർലാൽ നെഹ്റു ഭരണഘടനാ സമിതിയിൽ ഉയർത്തി വീശി.

ദേശീയഗാനം സംബന്ധിച്ച വിഷയം പരിഗണിച്ചപ്പോൾ ഹിന്ദുമഹാസഭയുടെ വക്താക്കൾ ബങ്കിംചന്ദ്ര ചാറ്റർജിയുടെ വന്ദേമാതരമായിരിക്കണം ദേശീയഗാനം എന്നാവശ്യപ്പെട്ടു. രവീന്ദ്രനാഥ ടാഗോറിന്റെ 'ജനഗണമന'യ്ക്കുവേണ്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസും വാദിച്ചു. ഒടുവിൽ 'ജനഗണമന' ദേശീയഗാനമായി സ്വീകരിച്ചു. എന്നാൽ ഭരണഘടനാ നിർമ്മാണ സഭയുടെ അവസാന യോഗത്തിൽ (1949 നവംബർ 26) ഡോ. രാജേന്ദ്രപ്രസാദ് ആവശ്യപ്പെട്ടപ്രകാരം ജനഗണമനയും വന്ദേമാതരവും ആലപിച്ചാണ് യോഗനടപടികൾ അവസാനിപ്പിച്ചത്.

ഭരണഘടനാ നിർമ്മാണസഭയിലെ മലയാളി സാന്നിധ്യത്തെക്കുറിച്ചും നാമോർക്കേണ്ടതുണ്ട്. തിരു-കൊച്ചി പ്രതിനിധിയായി പട്ടം താണുപിള്ള, ആർ.ശങ്കർ, പി.ടി.ചാക്കോ, പനമ്പിള്ളി ഗോവിന്ദ മേനോൻ, ആനിമസ്ക്രീൻ, പി. എസ്.നടരാജപിള്ള, കെ.എ.മുഹമ്മദ് എന്നിവരായിരുന്നു അംഗങ്ങളായിരുന്നത്. യുണൈറ്റഡ് പ്രൊവിൻസ് പ്രതിനിധിയായി ജോൺ മത്തായി സഭാംഗമായിരുന്നു. അമ്മു സ്വാമിനാഥൻ, ദാക്ഷായണി വേലായുധൻ, പി. കുഞ്ഞിരാമൻ. എ.കെ.മേനോൻ, ബി.പോക്കർ സാഹിബ്ബ് എന്നിവരായിരുന്നു മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാറിനെ പ്രതിനിധീകരിച്ചുള്ള മലയാളികൾ.

ഒരു വ്യക്തിയുടെ പൗരാവകാശം ഉയർത്തിപ്പിടിക്കേണ്ടത് ഭരണഘടനാപരമായ ധാർമ്മികതയാണ് എന്ന് നാം മറന്നുകൂടാ. ജനാധിപത്യത്തെയും ഭരണഘടനയെയും ഭരണഘടനാ സ്ഥാപനങ്ങളെയും സംരക്ഷിക്കാൻ ജാഗരൂകരായ ഒരു യുവസമൂഹം ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ് എന്ന് ഭരണഘടനയുടെ 69-ാം വാർഷികത്തിൽ നാം ഓർമ്മിക്കേണ്ടതുണ്ട്. അത്തരമൊരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതിന് നമുക്ക് യത്നിക്കാം.

**വി.കെ.ബാബുപ്രകാശ്**
ചീഫ് എഡിറ്റർ




## 'അറിവോരം' രാജ്യത്തെ ആദ്യ ഔദ്യോഗിക നിയമസഭാ വാർത്താപത്രിക - സ്പീക്കർ

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ രാജ്യത്തെ നിയമസഭകളുടെ ചരിത്രത്തിൽ ആദ്യത്തേതാണെന്നതിൽ അഭിമാനമുണ്ടെന്ന് നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ. കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ 'അറിവോരം' 2018 നവംബർ 13 ന് നിയമസഭാ സമുച്ചയത്തിലെ മീഡിയാറൂമിൽ പ്രകാശനം ചെയ്തുകൊണ്ടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിയമസഭയുടെയും ജനപ്രതിനിധികളുടെയും പ്രവർത്തനങ്ങൾ സത്യസന്ധമായും സമയബന്ധിതമായും ജനങ്ങളിലെത്തിക്കുക എന്നത് പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ പരമപ്രധാനമാണെന്ന് സ്പീക്കർ അഭിപ്രായപ്പെട്ടു. ഓൺലൈൻ മാധ്യമങ്ങളുടെ സാധ്യത പരമാവധി ഉപയോഗപ്പെടുത്തണമെന്ന ചിന്തയിൽ നിന്നാണ് ഓൺലൈൻ ന്യൂസ് ലെറ്റർ എന്ന ആശയം ഉരുത്തിരിഞ്ഞത്. പ്രചരണാർത്ഥം ആദ്യലക്കങ്ങളുടെ അച്ചടിപ്പതിപ്പു കൂടി തയ്യാറാക്കുന്നുണ്ടെന്ന് സ്പീക്കർ അറിയിച്ചു. ലോക്സഭാ ടെലിവിഷൻ മാതൃകയിൽ നിയമസഭാ നടപടികളും സഭയുടെ പ്രവർത്തനങ്ങളും സംപ്രേഷണം ചെയ്യാനായി കേരളനിയമസഭയ്ക്ക് സ്വന്തമായി ടെലിവിഷൻ ചാനൽ ആരംഭിക്കുന്ന കാര്യം ആലോചനയിലുണ്ടെന്ന് സ്പീക്കർ പറഞ്ഞു.

നിയമസഭാ സാമാജികർക്കു മാത്രമല്ല ഗവേഷകർ, മാധ്യമപ്രവർത്തകർ, രാഷ്ട്രീയ പ്രവർത്തകർ, അഭിഭാഷകർ, രാഷ്ട്രീയനിരീക്ഷകർ, അധ്യാപകർ, വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ എന്നിങ്ങനെ സമൂഹത്തിലെ വിവിധ മേഖലകളിലുള്ളവർക്ക് പ്രയോജനപ്പെടുന്നവിധമാണ് ന്യൂസ്‌ലെറ്റർ രൂപകല്പന ചെയ്തിരിക്കുന്നതെന്ന് അറിവോരം ത്രൈമാസികയുടെ ചീഫ് എഡിറ്റർ കൂടിയായ നിയമസഭാ സെക്രട്ടറി വി.കെ.ബാബുപ്രകാശ് പറഞ്ഞു.

കേരളനിയമസഭയുടെ സ്പെഷ്യൽ സെക്രട്ടറി ജി.സുമകുമാരി, 'അറിവോരം' ത്രൈമാസികയുടെ പ്രസിദ്ധീകരണച്ചുമതലയുള്ള വിവരവിഭവ വികസന വിഭാഗം ജോയിന്റ് സെക്രട്ടറി മഞ്ജു വർഗ്ഗീസ്, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

# അംഗത്തിന് അയോഗ്യത; ഉത്തരവ് സ്റ്റേ ചെയ്തു





നിയമസഭാ തെരഞ്ഞെടുപ്പിൽ വർഗ്ഗീയപ്രചരണം നടത്തിയെന്ന പരാതിയിൽ ഹൈക്കോടതി അയോഗ്യനാക്കിയ അഴീക്കോട് എം.എൽ.എ. കെ.എം.ഷാജിക്ക് സഭാനടപടികളിൽ പങ്കെടുക്കുന്നതിനും രജിസ്റ്ററിൽ ഒപ്പുവയ്ക്കുന്നതിനും സുപ്രീം കോടതി അനുമതി നൽകി. സഭയിൽ വോട്ടുചെയ്യുന്നതിന് അവകാശമില്ലെന്നും സാമ്പത്തികാനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് അർഹത ഉണ്ടായിരിക്കുകയില്ലെന്നുമുള്ള വ്യവസ്ഥകളിന്മേലാണ് സഭാനടപടികളിൽ പങ്കെടുക്കുന്നതിന് അനുമതി നൽകിയത്. ജസ്റ്റിസുമാരായ എ.കെ.സിക്രി, അശോക് ഭൂഷൺ, എം.ആർ. ഷാ എന്നിവർ അടങ്ങുന്ന ബെഞ്ചിന്റേതാണ് വിധി.

2016–ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ അഴീക്കോട് മണ്ഡലത്തിൽ നിന്ന് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് സ്ഥാനാർത്ഥിയായി മത്സരിച്ച കെ.എം.ഷാജി സി.പി.ഐ(എം)ന്റെ എം.വി.നികേഷ് കുമാറിനെ 2287 വോട്ടിന് തോല്പിച്ചാണ് നിയമസഭയിലെത്തിയത്. മതത്തിന്റെ പേരിൽ വോട്ടുപ്രചരണം നടത്തിയെന്നാരോപിച്ച് എം.വി. നികേഷ് കുമാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത 11/2016 നമ്പർ ഇലക്ഷൻ പെറ്റീഷനിൽ കെ.എം.ഷാജിയുടെ നിയമസഭാംഗത്വം റദ്ദുചെയ്തുകൊണ്ട് 2018 നവംബർ 9–ന് ഹൈക്കോടതി ഉത്തരവു പുറപ്പെടുവിച്ചിരുന്നു. മുസ്ലീംലീഗിന്റെ നേതൃസ്ഥാനത്തുള്ള കെ.എം.ഷാജിക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ ആറുവർഷം വിലക്കും ഏർപ്പെടുത്തി. കെ.എം.ഷാജിക്ക് ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്നതിനായി വിധി നടപ്പാക്കുന്നതിൽ രണ്ടാഴ്ച സമയം അനുവദിച്ചു. ജനപ്രാതിനിധ്യ നിയമത്തിലെ രണ്ടു വ്യവസ്ഥകൾ പ്രകാരം ക്രമക്കേട് കണ്ടെത്തിയതിനാൽ തെരഞ്ഞെടുപ്പ് സാധുവല്ല എന്നായിരുന്നു ജസ്റ്റിസ് പി.ഡി.രാജന്റെ ബെഞ്ചിന്റെ നിരീക്ഷണം. ജനപ്രാതിനിധ്യ നിയമത്തിലെ 100(1)ബി, 100(1)ഡി വകുപ്പുകൾ പ്രകാരം തെരഞ്ഞെടുപ്പ് റദ്ദാക്കുകയും കെ.എം.ഷാജിയെ അയോഗ്യനായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. അയോഗ്യനാക്കിക്കൊണ്ടുള്ള വിധിക്കെതിരെ അന്നേദിവസം കെ.എം.ഷാജി നൽകിയ ഹർജി പരിഗണിച്ച് വിധി സ്റ്റേ ചെയ്തു. താല്കാലിക സ്റ്റേ അനുവദിച്ചെങ്കിലും ഒരാഴ്ചയ്ക്കുള്ളിൽ പരാതിക്കാരന്റെ കോടതിച്ചെലവായ 50,000/– രൂപ കെട്ടിവയ്ക്കണമെന്ന് ഉത്തരവുണ്ടായി. ഹൈക്കോടതി ഉത്തരവിന് 23.11.2018 വരെയാണ് ഹൈക്കോടതി സ്റ്റേ അനുവദിച്ചത്. ഹൈക്കോടതിയോ സുപ്രീം കോടതിയോ സ്റ്റേയുടെ സമയപരിധി നീട്ടിക്കൊടുക്കാത്ത സാഹചര്യത്തിൽ 24.11.2018 മുതൽ കെ.എം.ഷാജി കേരളനിയമസഭാംഗം അല്ലാതായിരിക്കുന്ന വിവരം നിയമസഭാ സെക്രട്ടറി അറിയിച്ചു (24.11.2018–ലെ ബുള്ളറ്റിൻ ഭാഗം 2, നം. 547).

നിയമസഭാംഗത്വത്തിന് അയോഗ്യത കല്പിച്ചുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് അടിയന്തരമായി സ്റ്റേ ചെയ്യണമെന്ന വിഷയത്തിൽ കെ.എം.ഷാജി സുപ്രീം കോടതിയിൽ ഫയൽ ചെയ്ത സിവിൽ അപ്പീൽ നം.11183/2018–ലാണ് അദ്ദേഹത്തിന് ഉപാധികളോടെ (വോട്ടവകാശമില്ല, സാമ്പത്തിക ആനുകൂല്യങ്ങൾ കൈപ്പറ്റാനാകില്ല) നിയമസഭാനടപടികളിൽ പങ്കെടുക്കുന്നതിന് അനുമതി ലഭിച്ചത്. 27.11.2018–ലെ സുപ്രീം കോടതി വിധിയെ തുടർന്ന് കോടതി ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി കെ.എം.ഷാജിക്ക് നിയമസഭാ നടപടികളിൽ പങ്കെടുക്കാവുന്നതാണെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് അറിയിച്ചു (27.11.2018–ലെ ബുള്ളറ്റിൻ ഭാഗം 2, നം. 557).

കോടതിവിധി, നിയമസഭാ സെക്രട്ടേറിയറ്റ് പുറപ്പെടുവിച്ച ബുള്ളറ്റിൻ എന്നിവ പ്രകാരം നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിന്റെ ആരംഭദിനമായ 27.11.2018–ന് കെ.എം.ഷാജിക്ക് നിയമസഭാ നടപടികളിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.



## കെ.കൃഷ്ണൻകുട്ടി പുതിയ ജലവിഭവ വകുപ്പ് മന്ത്രി

ജനതാദൾ (എസ്)ലെ മാത്യു ടി.തോമസ് 25.11.2018–ന് മന്ത്രിസ്ഥാനം രാജിവച്ച ഒഴിവിലേക്ക് ചിറ്റൂർ എം.എൽ.എ. കെ. കൃഷ്ണൻകുട്ടി മന്ത്രിയായി ചുമതലയേറ്റു. മാത്യു ടി. തോമസ് കൈകാര്യം ചെയ്തിരുന്ന ജലവിഭവ വകുപ്പ് തന്നെയാണ് കെ. കൃഷ്ണൻകുട്ടി കൈകാര്യം ചെയ്യുന്നത്. 2018 നവംബർ 27 ന് രാജ്ഭവനിൽ വച്ച് നടന്ന ലളിതമായ ചടങ്ങിൽ ഗവർണ്ണർ പി.സദാശിവം സത്യവാചകം ചൊല്ലിക്കൊടുത്തു. കെ.കൃഷ്ണൻകുട്ടി ദീർഘകാലം ജനതാദൾ (എസ്) സംസ്ഥാന പ്രസിഡന്റായിരുന്നു. 1980, 1982, 1991 എന്നീ വർഷങ്ങളിലും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

## കാരാട്ട് റസാഖ് എം.എൽ.എ യുടെ തെരഞ്ഞെടുപ്പ് റദ്ദാക്കി



എതിർസ്ഥാനാർത്ഥിയെ അപകീർത്തിപ്പെടുത്തുന്ന വീഡിയോ ദൃശ്യങ്ങൾ ഇലക്ഷൻ പ്രചരണത്തിനുപയോഗിച്ചെന്ന പരാതിയിൽ കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നിയമസഭാംഗം കാരാട്ട് റസാഖിന്റെ തെരഞ്ഞെടുപ്പ് ഹൈക്കോടതി സിംഗിൾ ബെഞ്ച് റദ്ദാക്കി.

മുസ്ലീം ലീഗ് നേതാവായിരുന്ന കാരാട്ട് റസാഖ്, കൊടുവള്ളി ഇടത് സ്വതന്ത്രനായാണ് നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. തെരഞ്ഞെടുപ്പിൽ 573 വോട്ടിന്റെ ഭൂരിപക്ഷത്തിൽ അദ്ദേഹം കൊടുവള്ളിയിൽ നിന്ന് വിജയിക്കുകയായിരുന്നു.

ഇലക്ഷൻ പ്രചരണാർത്ഥം ഇടതുമുന്നണിക്കുവേണ്ടി തയ്യാറാക്കിയ ഡോക്യുമെന്ററിയിൽ എതിർ സ്ഥാനാർത്ഥി മുസ്ലീം ലീഗിന്റെ എം.എ.റസാഖിനെ അപകീർത്തിപ്പെടുത്തുന്നതും, പ്രതിച്ഛായ തകർക്കുന്നതുമായ പരാമർശങ്ങളുണ്ടെന്നും, അത് അദ്ദേഹത്തിന്റെ വോട്ട് കുറയാൻ കാരണമായെന്നും കാണിച്ച് നിയോജകമണ്ഡലത്തിലെ വോട്ടർമാരായ കെ.പി.മുഹമ്മദ്, മൊയ്തീൻ കുഞ്ഞി എന്നിവർ നൽകിയ ഹർജിയിലാണ് ഉത്തരവ്. എം.എ. റസാഖിനെ വിജയിയായി പ്രഖ്യാപിക്കണമെന്ന ഹർജിക്കാരുടെ ആവശ്യം വിധി പ്രസ്താവിച്ച ജസ്റ്റിസ് കെ. എബ്രഹാം മാത്യു നിരസിച്ചു. വിവാദ വീഡിയോ തെരഞ്ഞെടുപ്പുഫലത്തിന് പ്രതീക്ഷിച്ച സഹായം ചെയ്തിട്ടുണ്ടെന്നാണ് കോടതിയുടെ നിരീക്ഷണം. വിധി നടപ്പാക്കുന്നതിനെതിരെ സുപ്രീം കോടതിയെ സമീപിക്കുന്നതുവരെ സ്റ്റേ നൽകണമെന്ന് ആവശ്യപ്പെട്ട് കാരാട്ട് റസാഖ് സമർപ്പിച്ച അപേക്ഷ കോടതി അംഗീകരിച്ചു. മുപ്പത് ദിവസത്തെ താത്ക്കാലിക സ്റ്റേയാണ് ഡിവിഷൻ ബെഞ്ച് അനുവദിച്ചത്. ഇക്കാലയളവിൽ റസാഖിന് നിയമസഭാ സമ്മേളനത്തിൽ പങ്കെടുക്കാമെങ്കിലും സാമ്പത്തികാനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനോ, വോട്ടെടുപ്പിൽ പങ്കെടുക്കുന്നതിനോ അർഹതയുണ്ടായിരിക്കുകയില്ലെന്ന് വിധി ന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.



“ ഇന്ത്യൻ പൗരനായ ഞാൻ ആരാണ് എന്നറിയാൻ ഭരണഘടന അറിയണം. ഇന്ത്യയെന്താണെന്നറിയാൻ ഭരണഘടന അറിയണം. അതുകൊണ്ട് ഭരണഘടനാപഠനം തന്നെ ഒരുതരത്തിൽ സ്വയംപഠനമാണ്. തന്നെക്കുറിച്ചു തന്നെയുള്ള പഠനം



**പി.ശ്രീരാമകൃഷ്ണൻ**
സ്പീക്കർ, കേരള നിയമസഭ

# ഭരണഘടനാസാക്ഷരതയുടെ ആവശ്യകത

ലോകത്തിലെ വലിയ ജനാധിപത്യരാഷ്ട്രമാണ് ഭാരതം. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ മൂല്യങ്ങളും അനുഭവങ്ങളും ബ്രിട്ടീഷ് ഇന്ത്യയിലെ നിയമനിർമ്മാണങ്ങളും ലോകത്തിലെ വിവിധ രാജ്യങ്ങളുടെ ഭരണഘടനകളുമെല്ലാം പരിശോധിച്ച് ‘ലോകത്തിലെ ഏറ്റവും വലിയ ലിഖിത ഭരണഘടന’ ഇന്ത്യൻ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി എഴുതിയുണ്ടാക്കി. 1950 ജനുവരി 26 ന് ഭരണഘടന നിലവിൽ വന്നതോടെ ‘നമ്മൾ ഇന്ത്യയിലെ ജനങ്ങൾ’ ‘We the people of India’– ഒരു വ്യവസ്ഥാപിത രാഷ്ട്രമായി മാറി.

1929 ഡിസംബർ 31 ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനം ‘പൂർണ്ണ സ്വരാജ്‘ (സമ്പൂർണ്ണ സ്വാതന്ത്ര്യം) പ്രമേയം പാസ്സാക്കി. എല്ലാ വർഷവും ജനുവരി 26ന് സ്വാതന്ത്ര്യദിനമായി ആചരിക്കുവാനും തീരുമാനിച്ചു (ഇതിന്റെ ഓർമ്മ നിലനിർത്താനാണ് ജനുവരി 26ന് ‘ഭരണഘടന നിലവിൽ വരുത്തിയത്’). സ്വാതന്ത്ര്യം കിട്ടിയാൽ എങ്ങനെ ഭരിക്കും എന്ന ചോദ്യം ഉയർന്നുവന്നു. ഈ സാഹചര്യത്തിൽ 1934–ൽ എം.എൻ. റോയ് ഇന്ത്യക്കൊരു ‘ഭരണഘടന എഴുതിയുണ്ടാക്കണം എന്ന ആശയം ആദ്യമായി അവതരിപ്പിച്ചു. ഇത്കോൺഗ്രസ്സ് അംഗീകരിച്ചതോടെ ആരംഭിച്ച ചിന്തയും അഭിപ്രായങ്ങളുംഭരണഘടനാ നിർമ്മാണ സമിതിയുടെ രൂപീകരണത്തിലേക്ക് നയിച്ചു.

സമിതിയുടെ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ അധ്യക്ഷനായ ഡോ.അംബേദ്കറുടെ അസാമാന്യമായ അറിവും കാര്യശേഷിയും മഹത്തായ ഇന്ത്യൻ ഭരണഘടന എഴുതി പൂർത്തിയാക്കുന്നതിൽ നിർണ്ണായകമായി. ലോകത്തിന് മാതൃകയായ ഭരണഘടനയാണ് നമ്മുടേത്. ‘We, the people of India' എന്നു തുടങ്ങുന്ന 'പ്രിയാംബിൾ' നമ്മുടെ രാജ്യത്തെ നിർവ്വചിക്കുന്നു. ‘പരമാധികാര ജനാധിപത്യ റിപ്പബ്ലിക്’’ ആയാണ് 1950 ജനുവരി 26 ന് സ്വതന്ത്രഭാരതം നിയമപരമായി രൂപംകൊണ്ടത്. സോഷ്യലിസവും മതേതരത്വവും അതിന്റെ അടിസ്ഥാനപ്രമാണങ്ങളായിരുന്നു. പിന്നീട്, ‘The Constitution (forty–second amendment) Act, 1976 പ്രകാരം പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക് എന്ന് പുനർനിർവ്വചിച്ചു.

‘ഭാരതത്തിന്റെ രാഷ്ട്രീയ സംസ്കൃതിയും ജനാധിപത്യ മൂല്യങ്ങളും ഭരണക്രമവുമെല്ലാം ഭരണഘടനാസംബന്ധിയായാണ് നിലനിൽക്കുന്നത്. രാജ്യത്തെ ‘Supreme Law’യും ഭരണഘടനയാണ്(Constitution is theSupreme Law of the Land). അതുകൊണ്ടുതന്നെ സകലപൗരന്മാരിലും ഭരണഘടനയുടെ അടിസ്ഥാനപ്രമാണങ്ങളെ സംബന്ധിച്ച പൊതുവായ ധാരണയെങ്കിലും നിർബന്ധമായും ഉണ്ടായിരിക്കണം. നമ്മുടെ വിദ്യാഭ്യാസപ്രക്രിയയിൽ ഇക്കാര്യം വേണ്ടത്ര പ്രാധാന്യത്തോടെ ഉൾപ്പെടുത്തിയിട്ടില്ല. പത്താം ക്ലാസ്സുവരെയുള്ള സാമൂഹ്യശാസ്ത്രപാഠങ്ങളിൽനിന്ന് കിട്ടുന്ന വിവരങ്ങൾ തുലോം അപര്യാപ്തമാണ്. പ്ലസ് ടു മുതൽ മേലോട്ടുപോകുമ്പോൾ സയൻസ്, കൊമേഴ്സ് തുടങ്ങിയവ ഐച്ഛികമായി പഠിക്കുന്നവർ ഭരണഘടനയും ചരിത്രവും സ്വാതന്ത്ര്യസമരവുമെല്ലാം പിന്നീട് തൊട്ടുനോക്കുന്നുപോലുമില്ല. ഏതു വിഷയം പഠിക്കുന്നവരും, അത് പ്ലസ് ടു മുതൽ ബിരുദാനന്തര ബിരുദം വരെയും, നിർബന്ധമായും ഭരണഘടനാ മൂല്യങ്ങളും ദേശീയ സ്വാതന്ത്ര്യസമരചരിത്രവും ഇന്ത്യൻ സംസ്കൃതിയും പഠിക്കുന്നതിനുള്ള സാഹചര്യമൊരുക്കണം. അമേരിക്കൻ സർവ്വകലാശാലകളിൽ സാങ്കേതികവിദ്യയും മെഡിസിൻ പഠനവും നടത്തുന്നവരും എന്തിനേറെ ആണവശാസ്ത്രം പഠിക്കുന്നവരടക്കം ‘ദേശീയ സ്വാതന്ത്ര്യ സമരം’ പഠിക്കണം. ദേശീയതയും പൗരബോധവും ദേശസ്നേഹവും ഉള്ള അമേരിക്കൻ പൗരന്മാരെ സൃഷ്ടിക്കാൻ ഇത് അനിവാര്യമാണ്. ഭാരതത്തിലാകട്ടെ, ഇങ്ങനെയൊരു രീതിയേ ഇല്ല. നമ്മുടെ സ്കൂൾ കുട്ടികൾ കഥകളും പാഠങ്ങളും കവിതയും സമവാക്യങ്ങളും സിദ്ധാന്തങ്ങളുമെല്ലാം ഹൃദിസ്ഥമാക്കാറുണ്ട്. എന്നാൽ ഭരണഘടനയുടെ പ്രിയാംബിൾ എത്ര പേർക്ക് അറിയാം. ഒരു പേജ് മാത്രം വരുന്ന പ്രിയാംബിൾ ഭാരതത്തെ നിർവ്വചിക്കുകയും മഹത്തായ ജനാധിപത്യമൂല്യങ്ങൾ സ്വയം പ്രഖ്യാപിക്കുകയും ചെയ്യുന്നു. ‘We, the people of India’ എന്ന തുടക്കം തന്നെ എത്ര അർത്ഥസമ്പുഷ്ടമാണ്. ശബരിമല വിഷയവുമായി ബന്ധപ്പെട്ട് ‘We, the people of India’ കാമ്പയിൻ ആരംഭിച്ചപ്പോഴാണ് ‘ഇങ്ങനെയൊരു കാര്യമുണ്ടല്ലേ?’ എന്ന് പലരും ആശ്ചര്യപ്പെട്ടത്. ഇതു മാറിയേ തീരൂ. പ്രാഥമികതലം മുതൽ സർവ്വകലാശാലാതലം വരെ നിർബന്ധമായും ഭരണഘടന പഠിപ്പിക്കുന്ന സാഹചര്യമുണ്ടാകണം. ഇത് പഠിച്ച് മാർക്ക് വാങ്ങാനുള്ള വിഷയമല്ല. മറിച്ച് നമ്മളെക്കുറിച്ചും നമ്മുടെ അവകാശങ്ങളെക്കുറിച്ചും നമ്മുടെ ഉത്തരവാദിത്വത്തെക്കുറിച്ചും നമ്മുടെ രാഷ്ട്രത്തെക്കുറിച്ചും ഉള്ള അറിവാണ്. ‘ഇന്ത്യൻ പൗരനായ ഞാൻ ആരാണ്’’ എന്നറിയാൻ ഭരണഘടന അറിയണം. ഇന്ത്യയെന്താണെന്നറിയാൻ ഭരണഘടന അറിയണം. അതുകൊണ്ട് ഭരണഘടനാപഠനം തന്നെ ഒരുതരത്തിൽ സ്വയംപഠനമാണ്. തന്നെക്കുറിച്ചു തന്നെയുള്ള പഠനമാണ്.

ഔപചാരികപഠനത്തിൽപ്പോലും വേണ്ടത്ര പ്രാധാന്യം നൽകാതെ പോയ ഭരണഘടനാ പഠനങ്ങൾ സാക്ഷരതാമിഷനുമായി ചേർന്ന് സമാന്തര ജനകീയ പഠന മേഖലയിലേക്ക് വ്യാപിപ്പിക്കുകയാണ്. കേരള നിയമസഭയുടെ അറുപതാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സ്കൂൾ കുട്ടികൾക്കായി ആയിരം ഭരണഘടനാ ക്ലാസ്സുകൾ സംഘടിപ്പിക്കുകയാണ്. ഇതിന് സമാന്തരമായി സാക്ഷരതാമിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തുല്യതാ പഠിതാക്കൾക്ക് ഭരണഘടനാ അറിവുകൾ പകർന്നു നൽകാനുള്ള മഹത്തായ യജ്ഞമാണ് ഇവിടെ ആരംഭിക്കുന്നത്.

"പട്ടിണിയായ മനുഷ്യാ നീ പുസ്തകം കൈയിലെടുത്തോളൂ പുത്തനൊരായുധമാണ നിനക്കത് പുസ്തകം കൈയിലെടുത്തോളൂ” എന്ന മുദ്രാവാക്യം 1987–ലെ സമ്പൂർണ്ണ സാക്ഷരതായജ്ഞകാലത്ത് പാടിപ്പതിഞ്ഞതാണ്. പുതിയ സാഹചര്യത്തിൽ അക്ഷരം പഠിക്കുന്ന, തുല്യതാപഠനം നടത്തുന്ന പഠിതാക്കളോട് പറയാനുള്ളത് ‘ഭരണഘടന പഠിച്ചോളൂ’ എന്നാണ്. അത് പുതിയൊരായുധമാണ്. തീർച്ച! അവകാശങ്ങളും കടമകളും അറിഞ്ഞും തിരിച്ചറിഞ്ഞും ഭാരതത്തെ പുതുക്കിപ്പണിയാൻ സാധാരണക്കാർക്ക് ശക്തി നൽകുന്ന ഊർജ്ജപ്രവാഹമാണ് ഭരണഘടന. നിയമങ്ങളുടെ സങ്കീർണ്ണതയും ഭാഷാപ്രയോഗത്തിലെ കടുകട്ടിയും ഭരണഘടന–നിയമ പഠനങ്ങളിൽനിന്ന് വിദ്യാർത്ഥികളേയും സാധാരണക്കാരേയും അകറ്റുന്നുണ്ട്. ഇതിന് മാറ്റം വരുത്തണം. ലളിതമായും ആർക്കും മനസ്സിലാകുന്ന രീതിയിലും സാങ്കേതിക പദപ്രയോഗങ്ങൾ പരമാവധി കുറച്ചും എന്നാൽ അർത്ഥം കൃത്യമായി മനസ്സിലാകുന്ന വിധത്തിലും ഗഹനമായ ഈ വിഷയം പഠിപ്പിക്കാനുള്ള രീതിശാസ്ത്രം വളർത്തിയെടുക്കണം. നിയമനിർമ്മാണങ്ങൾ പ്രാദേശിക ഭാഷയിലാക്കിയത് സാധാരണക്കാർക്ക് അത് മനസ്സിലാക്കാൻ വഴിയൊരുക്കിയിട്ടുണ്ട്. പാർലമെന്റിലേയും നിയമസഭകളിലേയും നടപടിക്രമങ്ങളും സാധാരണക്കാർ അറിയണം. സാധാരണ പൗരന്മാരുടെ പ്രശ്നങ്ങൾ അഡ്രസ്സ് ചെയ്യുന്ന നിയമസഭയിലെ നടപടിക്രമങ്ങൾ അവർക്ക് മനസ്സിലാകുന്ന വിധത്തിലായിരിക്കണം. കേരള നിയമസഭയിലെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ്, ആറു മാസം നീണ്ടുനിൽക്കുന്ന ഒരു കോഴ്സ് ഈ വിഷയത്തിൽ നടത്തുന്നുണ്ട്. വിദൂരപഠനരീതിയിലുള്ള ഈ കോഴ്സ് പഠിക്കുന്നതിലൂടെ നടപടിക്രമങ്ങൾ അറിയാനും നിയമസഭാ പ്രവർത്തനങ്ങളിൽ ഇടപെടാനുള്ള ശേഷി നേടാനും പഠിതാക്കൾക്ക് കഴിയുന്നുണ്ട്.

ഭരണഘടനയും നിയമങ്ങളും പാർലമെന്റ്–നിയമസഭാ നടപടിക്രമങ്ങളുമെല്ലാം ജുഡീഷ്യൽ കമ്മ്യൂണിറ്റിയിൽ മാത്രം ഒതുങ്ങേണ്ട കാര്യമല്ല. നിയമങ്ങളും നിയമസഭകളുമൊക്കെ വിശുദ്ധ പശുക്കളാകേണ്ടവയുമല്ല. ജനങ്ങൾക്ക് വേണ്ടിയാണ് നിയമങ്ങളും നിയമനിർമ്മാണവും. അതുകൊണ്ട് അവ ജനങ്ങളിലേക്ക് എത്തുകതന്നെ വേണം.

"അബ്ദുള്ള മലയിലേക്ക് വന്നില്ലെങ്കിൽ മല അബ്ദുള്ളയുടെ അടുത്തേക്ക് പോകണം." പോയേ മതിയാകൂ! ഇത് ജനാധിപത്യത്തിന്റെ വികാസത്തിന് അനിവാര്യമാണ്. നിയമസാക്ഷരരായ പൗരന്മാർ ഉണ്ടാകണം. ഭരണഘടനാ സാക്ഷരരായ പൗരന്മാർ ഉണ്ടാകണം. അക്കാദമിക സമൂഹവും നിയമനിർമ്മാതാക്കളും ജുഡീഷ്യറിയും ഭരണഘടനാ വിദഗ്ധന്മാരും മാത്രം തലനാരിഴകീറി കുരുക്കഴിക്കേണ്ട ഒന്നല്ല ഭരണഘടനയും നിയമങ്ങളും. അത് സാധാരണ മനുഷ്യർ പണിയിടങ്ങളിൽ, തെരുവിൽ, ചന്തയിൽ, കുടുംബത്തിൽ ഒക്കെ ചർച്ച ചെയ്യേണ്ടതുകൂടിയാണ്. ഭരണഘടനയുടെ ജനകീയവൽക്കരണമാണ് ഇതിനുള്ള വഴി. ജനങ്ങൾ ഉണ്ടാക്കിയ ഭരണഘടന ജനങ്ങളിൽ നിന്ന് അകന്നുപോയതിന്റെ ഉത്തരവാദിത്വം നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിനാണ്. ഇത് പരിഹരിക്കണം. നിയമങ്ങളുടേയും ഭരണഘടനയുടേയും ജനാധിപത്യമൂല്യങ്ങളുടേയും ജനകീയവൽക്കരണത്തിനുള്ള മഹത്തായ മിഷന് കേരള നിയമസഭ തുടക്കം കുറിച്ചുകഴിഞ്ഞു. ‘Festival On Democracy’ ഈ ദിശയിലുള്ള നൂതനമായ ഇടപെടലാണ്. സാക്ഷരതാമിഷനുമായി ചേർന്ന് സാധാരണക്കാരിൽ സാധാരണക്കാരായ മനുഷ്യരിലേക്ക് ഭരണഘടനാമൂല്യങ്ങളും അത് ഉറപ്പുനൽകുന്ന അവകാശങ്ങളും എത്തിക്കാനുള്ള പുതിയൊരു സംരംഭം ഇവിടെ ആരംഭിക്കുകയാണ്. സാക്ഷരതാ മിഷന്റെ വിപുലമായ ജനകീയ പഠനശൃംഖല ഈ പദ്ധതിക്ക് മുതൽക്കൂട്ടാകും. ഭരണഘടനാ സാക്ഷരതാജനകീയ വിദ്യാഭ്യാസ പരിപാടി അതിന്റെ ലക്ഷ്യം നേടുമെന്ന് പ്രതീക്ഷിക്കുന്നു.



## ആയുർവേദത്തിനൊപ്പം സിദ്ധയ്ക്കും പ്രാധാന്യം

പൊതുജനാരോഗ്യത്തിനും രോഗപ്രതിരോധത്തിനും ആയുർവേദത്തിനോടൊപ്പം സിദ്ധയ്ക്കും പ്രാധാന്യമേറുന്നതായി ഡെപ്യൂട്ടി സ്പീക്കർ വി.ശശി. നിയമസഭാ ബാങ്ക്വറ്റ് ഹാളിൽ നടന്ന സിദ്ധാദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. പോത്തൻകോട് ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.എ. വാസുകിദേവി അദ്ധ്യക്ഷത വഹിച്ചു. 2018 ഡിസംബർ 19 ബുധനാഴ്ച രാവിലെ 9 മണിക്കായിരുന്നു ഉദ്ഘാടനം. നിയമസഭാ സാമാജികർക്കും ജീവനക്കാർക്കുമായി സൗജന്യ സിദ്ധ മെഡിക്കൽ ക്യാമ്പും അസ്ഥി ബലക്ഷയ പരിശോധനാ ക്യാമ്പും നടന്നു. പോത്തൻകോട് ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന്റേയും പൂജപ്പുര സിദ്ധ പ്രാദേശിക ഗവേഷണ സ്ഥാപനത്തിന്റേയും വെള്ളയമ്പലം ശാന്തിഗിരി സിദ്ധ ആന്റ് ആയുർവേദ ഹെൽത്ത് കെയർ കേന്ദ്രത്തിന്റേയും സംയുക്താഭിമുഖ്യത്തിലാണ് ക്യാമ്പ് സംഘടിപ്പിച്ചത്.




## ലിംഗ സമത്വം മൗലികാവകാശം

ഭരണഘടന ഉറപ്പു നൽകുന്ന സ്ത്രീ–പുരുഷ തുല്യത എന്തിന്റെ പേരിലായാലും തടസ്സപ്പെടാൻ അനുവദിക്കരുതെന്ന് ഡെപ്യൂട്ടി സ്പീക്കർ വി. ശശി. കുടുംബസ്വത്തിന് സ്ത്രീയ്ക്കും പുരുഷനും തുല്യാവകാശം ഉറപ്പുവരുത്തുന്നതുൾപ്പെടെയുള്ള നിയമങ്ങൾ നടപ്പിലാക്കുന്നതിന് ഹിന്ദു സിവിൽ കോഡ് ബിൽ പാർലമെന്റിൽ അവതരിപ്പിച്ച അൻപതുകളിൽ രാജ്യം കണ്ട സമരങ്ങളെ ഓർമ്മിപ്പിക്കുന്നതാണ് ഇപ്പോൾ കേരളത്തിൽ കാണാനാവുന്നത്. എന്നാൽ പണ്ഡിറ്റ് നെഹ്റുവും ഡോ. അംബേദ്ക്കറും നിയമം നടപ്പിലാക്കുന്നതിൽ കാണിച്ച നിശ്ചയദാർഢ്യം നമുക്ക് മാതൃകയാകേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. ജവഹർലാൽ നെഹ്റുവിന്റെ 129–ാം ജന്മവാർഷികാഘോഷ പരിപാടിയിൽ സാമൂഹ്യ സേവന പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജന്മവാർഷികാഘോഷപരിപാടി കൃഷി വകുപ്പ് മന്ത്രി വി. എസ്. സുനിൽ കുമാർ ഉദ്ഘാടനം ചെയ്തു.

## ജനാധിപത്യ പൗരാവകാശങ്ങൾക്കായി പോരാടണം

വിഖ്യാതമായ പാരീസ് മനുഷ്യാവകാശ പ്രഖ്യാപനത്തിലെ പുരുഷപക്ഷ ഭാഷാ പ്രയോഗം പോലും വെട്ടിമാറ്റാൻ ആർജ്ജവം കാണിച്ച ഹൻസാ മെഹ്തയുടെ സ്വന്തം രാജ്യം ഏഴ് പതിറ്റാണ്ടുകൾക്കിപ്പുറവും സ്ത്രീ പുരുഷ സമത്വമെന്ന ഭരണഘടന നൽകിയ ഉറപ്പിനോട് പുറം തിരിഞ്ഞ് നിൽക്കുന്ന നിർഭാഗ്യകരമായ കാഴ്ചയ്ക്കാണ് സാക്ഷ്യം വഹിക്കുന്നത്. അധികാര രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി വിശ്വാസത്തിന്റെയും മതങ്ങളുടെയും പേരിൽ രാജ്യത്തെ പൗരന്മാരെ വിഘടിപ്പിക്കുന്നതിന് ബോധപൂർവ്വം ശ്രമിക്കുന്നു. ലോകത്തിലെ മഹത്തായ ജനാധിപത്യ രാഷ്ട്രം ഇപ്പോൾ മനുഷ്യാവകാശ ലംഘനങ്ങളുടെ തുടർ പരമ്പരകൾക്ക് സാക്ഷ്യം വഹിക്കുന്നു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ നിലപാട് സ്വീകരിച്ച് യുക്തിബോധത്തിന്റേയും സ്വതന്ത്രചിന്തയുടെയും പക്ഷത്ത് അണിനിരന്നവരെ നിർദാക്ഷിണ്യം ഉന്മൂലനം ചെയ്യുന്നു. ഈ അവസ്ഥയിൽ ജനാധിപത്യ–പൗരാവകാശങ്ങൾക്കായി ഒന്നിക്കുകയും പോരാടുകയും ചെയ്യേണ്ടതുണ്ടെന്ന് ഡെപ്യൂട്ടി സ്പീക്കർ വി. ശശി അഭിപ്രായപ്പെട്ടു. മനുഷ്യാവകാശ സംരക്ഷണ സമിതിയുടെ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ലോക മനുഷ്യാവകാശ ദിനാചരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ മുൻ മന്ത്രി വി. സുരേന്ദ്രൻ പിള്ള മുഖ്യ പ്രഭാഷണം നടത്തി.



ഹൻസാ മെഹ്ത

## പ്രേംനസീർ യുവ സാഹിത്യ പുരസ്കാരം സമ്മാനിച്ചു



മലയാളിക്ക് ഒരിക്കലും മറക്കാനാകാത്ത നിരവധി കഥാപാത്രങ്ങളെ തന്റെ അഭിനയ തികവിലൂടെ അനശ്വരമാക്കിയതോടൊപ്പം തലമുറകളുടെ പുരുഷ സൗന്ദര്യസങ്കൽപ്പങ്ങളെ അടയാളപ്പെടുത്തിയ പ്രതിഭയായിരുന്നു പ്രേംനസീർ എന്ന് ഡെപ്യൂട്ടി സ്പീക്കർ വി. ശശി അഭിപ്രായപ്പെട്ടു. സിനിമയുടെ മാസ്മരിക ലോകത്ത് വിരാജിക്കുമ്പോഴും ചിറയിൻകീഴുകാരൻ അബ്ദുൽ ഖാദറിന്റെ മനസ്സും വിശുദ്ധിയും കാത്തു സൂക്ഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നുവെന്നും ഡെപ്യൂട്ടി സ്പീക്കർ ഓർമ്മിച്ചു.

പ്രഥമ പ്രേംനസീർ യുവ സാഹിത്യപുരസ്കാരം സത്താർ അദൂരിന് നൽകിക്കൊണ്ട് സംസാരിക്കുകയായിരുന്നു ഡെപ്യൂട്ടി സ്പീക്കർ. ലോക സിനിമയിൽ നിരവധി റിക്കാർഡുകൾ സ്വന്തമാക്കിയ പ്രേംനസീറിന്റെ പേരിലുള്ള അവാർഡ് ഹ്രസ്വ സിനിമാ സംവിധാനത്തിലും പുസ്തക ശേഖരണത്തിലും ലോകവ്യാപകമായ അംഗീകാരങ്ങൾ നേടിയ സത്താറിന് ലഭിച്ചത് ഏറെ ആഹ്ലാദകരമാണെന്നും തന്റെ സാഹിത്യ സപര്യ തുടരുന്നതിന് ഈ അംഗീകാരം അദ്ദേഹത്തിന് പ്രചോദനമാകട്ടെയെന്നും ആശംസിച്ചു.

സത്താർ അദൂരിന്റെ 'മഹല്ല്' 'എന്ന നോവലാണ് അവാർഡിന് അർഹമായത്.



# വജ്രജൂബിലിക്കൊരു സ്മരണികത്തിളക്കം

സാമ്പ്രദായിക രചനാ ശൈലികളിൽ നിന്നും വിഭിന്നമായി സർഗ്ഗാത്മക സ്വാതന്ത്ര്യത്തിനും ചലനാത്മക ജനാധിപത്യ വീക്ഷണത്തിനും പ്രാധാന്യം നൽകിക്കൊണ്ടാണ് കേരള നിയമസഭയുടെ വജ്രജൂബിലി സ്മരണിക തയ്യാറാക്കിയിരിക്കുന്നതെന്ന് സ്പീക്കർ. 2018 ഡിസംബർ 13 ന് നിയമസഭാ സമുച്ചയത്തിലെ മീഡിയ റൂമിൽ വജ്രജൂബിലി സ്മരണിക ഡെപ്യൂട്ടി സ്പീക്കർക്ക് നൽകി പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനാധിപത്യം, ദേശീയത, മതേതരത്വം, വികസനം, പരിസ്ഥിതി സംരക്ഷണം, തെരഞ്ഞെടുപ്പ്, നിയമനിർമ്മാണം എന്നിവയ്ക്ക് ഊന്നൽ നൽകി സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖ വ്യക്തികളുമായും സാമാജികരുമായും, മുൻ നിയമസഭാ സെക്രട്ടറിമാരുമായും സംവദിച്ചിട്ടുണ്ട്. അനുസ്മരണങ്ങളും, വജ്രജൂബിലി ആഘോഷങ്ങളും, അപൂർവ്വ ചിത്രങ്ങളും കഴിഞ്ഞ ആറുപതിറ്റാണ്ടുകളിൽ പത്രത്താളുകളിൽ വന്ന ചില കാർട്ടൂണുകളും സ്മരണികയ്ക്ക് മാറ്റുകൂട്ടുന്നു. സ്മരണികയിലെ പ്രതികരണങ്ങളും നിരീക്ഷണങ്ങളും സ്വതന്ത്രമാണ് എന്നും സ്പീക്കർ പറഞ്ഞു.

ചടങ്ങിൽ നിയമസഭാ സെക്രട്ടറി വി. കെ. ബാബുപ്രകാശ്, വിവര വിഭവ വികസന വിഭാഗം ജോയിന്റ് സെക്രട്ടറി മഞ്ജു വർഗ്ഗീസ് എന്നിവർ പങ്കെടുത്തു.

## ജനപ്രതിനിധികൾക്കെതിരെയുള്ള കേസുകൾ ഇനി വേഗത്തിൽ തീർപ്പാക്കും

പാർലമെന്റംഗങ്ങളും നിയമസഭാംഗങ്ങളും പ്രതികളായ ക്രിമിനൽ കേസുകൾ തീവ്രതയനുസരിച്ച് മുൻഗണനാടിസ്ഥാനത്തിൽ വേഗത്തിൽ തീർപ്പാക്കണമെന്ന് കേരളം, ബീഹാർ ഹൈക്കോടതികൾക്ക് സുപ്രീം കോടതി നിർദ്ദേശം. കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ ജില്ലകൾ തോറും ഓരോ സെഷൻസ്, മജിസ്ട്രേറ്റ് കോടതികളെ ഇതിനായി ചുമതലപ്പെടുത്തണമെന്നും, ഈ കോടതികൾ ദൈനംദിനാടിസ്ഥാനത്തിൽ വാദം കേട്ട് കേസുകൾ തീർപ്പാക്കണമെന്നും കോടതി ഉത്തരവിട്ടു.

കേസുകളുടെ വാദം മാറ്റിവയ്ക്കാതെ തുടർച്ചയായി പരിഗണിച്ച് തീർപ്പാക്കണം, പ്രത്യേക സാഹചര്യങ്ങളിൽ കൃത്യമായ കാരണം വ്യക്തമാക്കി മാത്രമേ കേസുകൾ നീട്ടിവയ്ക്കാൻ പാടുള്ളൂ. വധശിക്ഷ, ജീവപര്യന്തം തുടങ്ങി ഉയർന്ന ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യങ്ങളിൽ മുൻഗണനാ ക്രമത്തിൽ വിചാരണ നടത്തണം. സിറ്റിങ് എം.പി. മാർക്കും എം.എൽ.എ.മാർക്കും മുൻ സാമാജികർക്കും നേരെയുള്ള കേസുകൾ വ്യത്യാസമില്ലാതെ പരിഗണിക്കണം. സുപ്രീം കോടതി മുൻ നിർദ്ദേശപ്രകാരം ജനപ്രതിനിധികൾക്കെതിരായ കേസ്സുകൾ പരിഗണിക്കുന്നതിന് രൂപം നൽകിയ പ്രത്യേക കോടതികൾക്ക് കൈമാറിയ കേസുകൾ ഹൈക്കോടതി പുതുതായി തെരഞ്ഞെടുക്കുന്ന കോടതികൾക്ക് കൈമാറണം. കേസുകളിലെ പുരോഗതി സംബന്ധിച്ച് പ്രത്യേക കോടതികൾ ഹൈക്കോടതിക്ക് റിപ്പോർട്ട് നൽകണം. ഹൈക്കോടതികൾ വിവരങ്ങൾ രേഖപ്പെടുത്തിയ റിപ്പോർട്ട് നാലുമാസത്തിനുശേഷം സുപ്രീം കോടതിക്ക് കൈമാറണമെന്നും ഉത്തരവ് വ്യക്തമാക്കുന്നു.


ജനപ്രതിനിധികൾ പ്രതികളായ കേസുകൾ പരിഗണിക്കുന്നതിന് വിവിധ സംസ്ഥാനങ്ങളിലായി 12 പ്രത്യേക കോടതികൾ സ്ഥാപിക്കാൻ സുപ്രീംകോടതി കഴിഞ്ഞ വർഷം ഉത്തരവിട്ടിരുന്നു. ഇത് ഫലം കാണാത്തതിനാലാണ് ചീഫ് ജസ്റ്റിസ് രഞ്ജൻ ഗൊഗോയി, ജസ്റ്റിസുമാരായ എസ്.കെ.കൗൾ, കെ.എം. ജോസഫ് എന്നിവർ ഉൾപ്പെട്ട ബെഞ്ചിന്റെ പുതിയ ഉത്തരവ്. പാർലമെന്റിന്റെ അധികാരങ്ങളിലേക്ക് കടന്നു കയറാൻ കോടതിക്കു ഭരണഘടനാപരമായ പരിമിതികളുള്ളതിനാൽ ക്രിമിനൽ കേസിൽ വിചാരണ നേരിടുന്നവർ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് വിലക്കാനാവില്ലെന്ന് സുപ്രീം കോടതി വിധിച്ചിരുന്നു. ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെടുന്നവർക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ആജീവനാന്ത വിലക്ക് വേണമെന്നും, ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, ജൂഡീഷ്യറിഅംഗങ്ങൾ തുടങ്ങിയവർക്കെതിരെയുള്ള ക്രിമിനൽ കേസുകൾ വേഗത്തിൽ തീർപ്പാക്കണമെന്നും ആവശ്യപ്പെട്ട് ബി.ജെ.പി. നേതാവ് അശ്വിനി കുമാർ ഉപാദ്ധ്യായ നൽകിയ ഹർജിയിലാണ് കോടതി നിർദേശം.

രാജ്യത്ത് നിലവിൽ പാർലമെന്റ്/ നിയമസഭാംഗങ്ങൾക്കെതിരെ 2324 കേസുകളും മുൻ ജനപ്രതിനിധികൾക്കെതിരെ 1675 കേസുകളുമുണ്ടെന്ന് അമിക്കസ് ക്യൂറി വിജയ്ഹൻസാരിയയുടെ റിപ്പോർട്ടിൽ പറയുന്നു. കേരളത്തിൽ ജനപ്രതിനിധികൾക്കെതിരെയുള്ള കേസുകളിൽ പാർലമെന്റ് അംഗങ്ങൾക്കെതിരെ അമ്പത്തിയേഴും നിയമസഭാംഗങ്ങൾക്കെതിരെ ഇരുന്നൂറ്റി അമ്പത്താറും കേസുകൾ വിചാരണ പൂർത്തിയാക്കാനുണ്ടെന്നും റിപ്പോർട്ട് വെളിപ്പെടുത്തുന്നു.



## പേപ്പർരഹിത നിയമസഭ

കേരള നിയമസഭയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് 'ഇ- നിയമസഭ' എന്ന പദ്ധതി ഒരു സുപ്രധാന് കാൽവയ്പാകും. സബ്മിഷൻ, ശ്രദ്ധാക്ഷണിക്കൽ, നിയമനിർമ്മാണം, ധനകാര്യം എന്നിവ ഉൾപ്പെടെയുള്ള നിയമസഭാ നടപടികൾ ഓൺലൈനാകുന്നതോടുകൂടി ലളിതവും സുതാര്യവുമാകും. നിയമസഭയിൽ ഉപയോഗിച്ചുവരുന്ന LAIS(Legislative Assembly Interpellation System), AID (Assurance Implementation Desk), Webcasting എന്നീ സോഫ്റ്റ്‌വെയറുകളുമായി ഈ പദ്ധതി സംയോജിപ്പിക്കേണ്ടതുണ്ട്. നിയമസഭ, നിയമസഭാ സമിതികൾ എന്നിവയുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളിലേക്കും തിരിച്ചുമുള്ള രേഖകൾ ഓൺലൈനായി ലഭിക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നു. നിയമസഭാ സെക്രട്ടേറിയറ്റിന്റെ എല്ലാ വിഭാഗങ്ങളുടെയും കമ്പ്യൂട്ടർവൽക്കരണം പദ്ധതി ലക്ഷ്യമിടുന്നു. അതോടെ ഓഫീസ് നടപടികൾ കൂടുതൽ കാര്യക്ഷമവും സുഗമവുമാകും. 'ഇ-വിധാൻ' സംവിധാനം നടപ്പാക്കിയ ഹിമാചൽപ്രദേശ് നിയമസഭ, സ്പീക്കർ പി.ശ്രീരാമകൃഷ്ണന്റെ നേതൃത്വത്തിൽ സന്ദർശിച്ച് വിശദാംശങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ട്. 'ഇ- നിയമസഭ' നടപ്പാക്കുന്നതിനുള്ള പ്രാഥമിക നടപടിയായി വിശദമായ പദ്ധതി റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതോടുകൂടി സമ്പൂർണ്ണ പേപ്പർ രഹിത നിയമസഭ എന്ന പാരിസ്ഥിതികാശയം യാഥാർത്ഥ്യമാകും.



ടിബറ്റൻ പാർലമെന്റംഗങ്ങളുടെ കേരള നിയമസഭാ സന്ദർശനം

# സർഫാസി നിയമം

## പുതിയ നിയമസഭാ സമിതി

സർഫാസി നിയമമനുസരിച്ചുള്ള നടപടികൾ മൂലം സംസ്ഥാനത്തൊട്ടാകെ ഉളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി എസ്.ശർമ്മ അദ്ധ്യക്ഷനായ 11 അംഗ പ്രത്യേക നിയമസഭാ സമിതി രൂപീകരിച്ചു. ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകിക്കൊണ്ട് വായ്പയെടുത്തിട്ടുള്ള നിർധന കുടുംബങ്ങളിൽ നിന്ന് 2002 ലെ കേന്ദ്രനിയമമായ സർഫാസി (സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററെസ്റ്റ് ആക്റ്റ്) നിയമത്തിന്റെ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വായ്പാ കുടിശ്ശിക ഈടാക്കുന്നതു മൂലം വായ്പ എടുത്തവർ ദുരിതത്തിലാകുന്നുവെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ആക്ടിലെ വ്യവസ്ഥകൾക്ക് ഇളവ് നൽകണമെന്നാവശ്യപ്പെട്ട് കേരള നിയമസഭ 2017 ആഗസ്റ്റ് 21-ന് പ്രമേയം പാസ്സാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. സർഫാസി നിയമത്തിന്റെ ദുരുപയോഗം സംബന്ധിച്ച് യു.ആർ.പ്രദീപ് കുമാർ എം.എൽ.എ. 2018 ഡിസംബർ 7-ാം തീയതി സഭയുടെ ശ്രദ്ധാക്ഷണിക്കുകയുണ്ടായി. ഇ. എസ്. ബിജിമോൾ, ജെയിംസ് മാത്യു, മോൻസ് ജോസഫ്, എ.പ്രദീപ്കുമാർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എസ്.ശർമ്മ, സി. കെ.ശശീന്ദ്രൻ, വി. ഡി.സതീശൻ, കെ.സുരേഷ് കുറുപ്പ് , എം.ഉമ്മർ, എൻ.വിജയൻ പിള്ള എന്നിവരാണ് മറ്റ് അംഗങ്ങൾ. (18.12.2018 ലെ ബുള്ളറ്റിൻ ഭാഗം 2, നം. 593). സമിതിയുടെ റിപ്പോർട്ട് ആറു മാസത്തിനകം സഭയിൽ സമർപ്പിക്കേണ്ടതാണ്.




## പ്രവാസി ഭാരതീയ അവാർഡ് സ്പീക്കർ പി. ശ്രീരാമകൃഷ്ണന്

പതിനേഴാമത് പ്രവാസി ഭാരതീയ (കേരള) ദിനാഘോഷത്തിനോടനുബന്ധിച്ച് ഏർപ്പെടുത്തിയ 2019-ലെ പ്രവാസി ഭാരതീയ (കേരള) അവാർഡുകൾ പ്രഖ്യാപിച്ചു. സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ. അഡ്വ. ഐ.ബി.സതീഷ്, എം.എൽ.എ. തമിഴ്നാട് നിയമസഭ പ്രതിപക്ഷനേതാവ് ഡോ.എം.കെ.സ്റ്റാലിൻ എന്നിവർ രാഷ്ട്രീയ പാർലമെന്ററി രംഗത്തെ ദി മാൻ ഓഫ് മിഷൻ, ദി മാൻ ഓഫ് എക്സലെൻസ് എന്നീ അവാർഡുകൾക്ക് അർഹരായി.

# സെലക്ട് കമ്മിറ്റികൾ രൂപീകരിച്ചു

ഗതാഗത വകുപ്പ് മന്ത്രി എ. കെ. ശശീന്ദ്രൻ ചെയർമാനായി 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി രൂപീകരിച്ചു. (11-12-2018-ലെ ബുള്ളറ്റിൻ ഭാഗം 2 നം.587). ബിൽ 2018 ഡിസംബർ 11ന് സഭയിൽ അവതരിപ്പിച്ചു. ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അന്നു തന്നെ സഭ പാസ്സാക്കി. ഡിസംബർ 18ന് കമ്മിറ്റിയുടെ ആദ്യ യോഗം ചേർന്നു.


കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ അനുമതിയോടെ കൊച്ചി മെട്രോ റെയിൽ പദ്ധതി സാക്ഷാത്ക്കരിക്കുമ്പോൾ കേന്ദ്രസർക്കാരും കൊച്ചി മെട്രോ റെയിലും കേരള സർക്കാരും ഒപ്പുവച്ച ത്രികക്ഷി ധാരണാ പത്രത്തിൽ യന്ത്രവൽകൃതമല്ലാത്തതുൾപ്പെടെയുള്ള വിവിധ ഗതാഗത സംവിധാനങ്ങളുടെ ഏകോപനം, പാർക്കിംഗിനുവേണ്ടി സ്ഥലം ഏർപ്പെടുത്തൽ, ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റത്തിൽ അധിഷ്ഠിതമായ എല്ലാ ഗതാഗത സംവിധാനങ്ങൾക്കും യോജിച്ചതും ഏകോപിപ്പിച്ചതുമായ ടിക്കറ്റ് വിതരണ സംവിധാനം, നഗര ഗതാഗത സേവനം മെച്ചപ്പെടുത്തൽ മുതലായവ ഏർപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. കേന്ദ്ര സർക്കാരിന്റെ 2017 – ലെ മെട്രോ റെയിൽ പോളിസിയിൽ മെട്രോ പദ്ധതികൾ നടപ്പാക്കുന്ന നഗരങ്ങളിൽ അർബൻ മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (UMTA) രൂപീകരിക്കണമെന്ന് നിഷ്കർഷിക്കുന്നു. കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് ഈ ലക്ഷ്യങ്ങളോടുകൂടിയ ഒരു നിയമാധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിനാണ് ഈ ബിൽ.

കെ. വി.അബ്ദുൾ ഖാദർ, വി. അബ്ദുറഹിമാൻ, ജോൺ ഫെർണാണ്ടസ്, എ. പ്രദീപ് കുമാർ, പി. അയിഷാ പോറ്റി, എ.എൻ. ഷംസീർ, പി. ടി. തോമസ്, ഹൈബി ഈഡൻ, വി. എസ്. ശിവകുമാർ, വി. കെ. ഇബ്രാഹിം കുഞ്ഞ്, ടി. എ. അഹമ്മദ് കബീർ, സി. ദിവാകരൻ, മുല്ലക്കര രത്നാകരൻ, സി. കെ. നാണു എന്നിവർ സമിതി അംഗങ്ങളാണ്.

2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ കൃഷി വകുപ്പുമന്ത്രി വി. എസ്. സുനിൽ കുമാർ ചെയർമാനായുള്ള സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി 2018 ഡിസംബർ 13-ാം തീയതി അയച്ചു. കർഷകരുടെ ക്ഷേമവും സാമ്പത്തിക ഭദ്രതയും സുരക്ഷയും ഉറപ്പു വരുത്തുന്നതിനും പുതുതലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണമാണ് ഈ ബിൽ ലക്ഷ്യമിടുന്നത്.

ചിറ്റയം ഗോപകുമാർ, ഡോ.എൻ.ജയരാജ്, കെ.സി.ജോസഫ്, കെ. കുഞ്ഞിരാമൻ, മാത്യു ടി.തോമസ്, ഡി.കെ.മുരളി, മുരളി പെരുനെല്ലി, എൻ.എ. നെല്ലിക്കുന്ന്, കെ. രാജൻ, സജി ചെറിയാൻ, സി. കെ.ശശീന്ദ്രൻ, സണ്ണി ജോസഫ്, പി. ഉബൈദുള്ള, കെ. വി. വിജയദാസ് എന്നിവരാണ് സെലക്ട് കമ്മിറ്റി അംഗങ്ങൾ. (20.12.2018 ലെ ബുള്ളറ്റിൻ ഭാഗം 2, നം. 594)

പതിനാലാം കേരള നിയമസഭയിൽ ആദ്യമായാണ് ബില്ലുകൾ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നത്. 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ, 2015-ലെ കേരള ഹർത്താൽ നിരോധന ബിൽ എന്നിവ പതിമൂന്നാം കേരള നിയമസഭ സെലക്ട് കമ്മിറ്റിക്ക് അയച്ചിരുന്നെങ്കിലും അവ നിയമമായില്ല.



# പതിമൂന്നാം സമ്മേളനം

പതിനാലാം കേരള നിയമസഭയുടെ 13 ദിവസം നീണ്ടുനിന്ന പതിമൂന്നാം സമ്മേളനം 2018 ഡിസംബർ 30ന് അവസാനിച്ചു. 2018 നവംബർ 27–ാം തീയതി ആരംഭിച്ച സമ്മേളനം പൂർണ്ണമായും നിയമനിർമ്മാണം ഉദ്ദേശിച്ചു കൊണ്ടുള്ളതായിരുന്നു. ഈ സമ്മേളനം മുതൽ സഭായോഗം രാവിലെ 9.00 മണിക്ക് ആരംഭിക്കുന്ന രീതി നിലവിൽ വന്നു.

സഭ സമ്മേളിച്ച 13 ദിവസങ്ങളിൽ 9 ദിവസവും നിയമനിർമ്മാണ ത്തിനായാണ് വിനിയോഗിച്ചത്. ഈ സഭയിലെ അംഗമായിരുന്ന പി.ബി. അബ്ദുൽ റസ്സാക്കിന്റെ ചരമം സംബന്ധിച്ച് റഫറൻസ് നടത്തി ആദ്യ ദിവസം സഭ പിരിഞ്ഞു. ഒരു ദിവസം ഉപധനാഭ്യർത്ഥനയുടെ ചർച്ചയ്ക്കായും രണ്ടു ദിവസം അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായും നീക്കിവയ്ക്കുകയുണ്ടായി. നിലവിലുണ്ടായിരുന്ന 13 ഓർഡിനൻസുകളിൽ ഒൻപത് ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ സഭ പാസ്സാക്കുകയും 2018–ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ, 2018–ലെ കേരള കർഷക ക്ഷേമനിധി ബിൽ എന്നിവ സെലക്ട് കമ്മിറ്റികളുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

നിയമസഭാ ചട്ടം 50 പ്രകാരമുള്ള 11 നോട്ടീസുകളാണ് സമ്മേളന കാലയളവിൽ ലഭിച്ചത്. പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ച് വി.ഡി.സതീശൻ നൽകിയ അടിയന്തര പ്രമേയ നോട്ടീസ് ഡിസംബർ 5–ാം തീയതി സഭ പരിഗണിക്കുകയും വിശദമായ ചർച്ച നടത്തുകയും ചെയ്തു.

സമ്മേളനവുമായി ബന്ധപ്പെട്ട 360 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ പട്ടികയിലും നക്ഷത്രചിഹ്നമിടാത്ത 4370 ചോദ്യങ്ങളുടെ പട്ടികയിലും ഉൾപ്പെടുത്തി ആകെ 4730 ചോദ്യങ്ങൾ അച്ചടിച്ചു. കെ. കൃഷ്ണൻകുട്ടി മന്ത്രി ആയതിനെ തുടർന്ന് അദ്ദേഹത്തിന്റെ 24 ചോദ്യങ്ങൾ ഒഴിവാക്കുകയും ഡോ.എൻ.ജയരാജ് ഒരു ചോദ്യം പിൻവലിക്കുകയും ചെയ്തു.

സമ്മേളനത്തിൽ 12 ദിവസമാണ് ചോദ്യോത്തരവേളയുണ്ടായിരുന്നത്. ചോദ്യോത്തരവേള പൂർണ്ണമായും നടന്നത് 4 ദിവസം മാത്രമായിരുന്നു. അവശേഷിച്ച 8 ദിവസവും പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ചോദ്യോത്തരവേള തടസ്സപ്പെടുകയുണ്ടായി. ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളി ലൂടെയും സബ്മിഷനുകളിലൂടെയുംവിവിധ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു. ചട്ടം 300 അനുസരിച്ച് മുഖ്യമന്ത്രി രണ്ട് പ്രസ്താവനകളും ഗതാഗത വകുപ്പുമന്ത്രി ഒരു പ്രസ്താവനയും നടത്തുകയുണ്ടായി.

# സൈമൺ ബ്രിട്ടോ അന്തരിച്ചു

മുൻ നിയമസഭാംഗം സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് (64) 2018 ഡിസംബർ 31–ാം തീയതി അന്തരിച്ചു. പന്ത്രണ്ടാം കേരള നിയമസഭയിൽ ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായിരുന്നു. കേരള സ്റ്റുഡന്റ്സ് ഫെഡറേഷനിലൂടെ രാഷ്ട്രീയത്തിൽ പ്രവേശിച്ച സൈമൺ ബ്രിട്ടോ 1988 വരെ എസ്.എഫ്.ഐ. യുടെ സംസ്ഥാന വൈസ് പ്രസിഡന്റായിരുന്നു. വിദ്യാർത്ഥിയായിരിക്കുമ്പോൾ നട്ടെല്ലിന് കുത്തേറ്റ് അരയ്ക്ക് കീഴ്പോട്ട് തളർന്നു. തുടർന്ന് വീൽ ചെയറിലായിരുന്നു ജീവിതം. പന്ത്രണ്ടാം കേരള നിയമസഭയിൽ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി, ജലസേചനവും വൈദ്യുതിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി എന്നിവയിൽ അംഗമായിരുന്നു. 'അഗ്രഗാമി' എന്ന നോവലിന് ശക്തി അവാർഡും പാട്യം ഗോപാലൻ അവാർഡും ലഭിച്ചു.



അക്ഷരധ്വനി






# റിപ്പബ്ലിക് ഓഫ് റെറ്ററിക്

**വി.കെ.ബാബുപ്രകാശ്**
സെക്രട്ടറി, കേരള നിയമസഭ

യുവ അഭിഭാഷകനും എഴുത്തുകാരനും ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് നിയമത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയതുമായ അഭിനവ് ചന്ദ്രച്ചൂഡിന്റെ രണ്ടാമത്തെ പുസ്തകമാണ് Republic of Rhetoric അഥവാ വാഗ്പാടവ പരമാധികാരം. പെൻഗ്വിൻ വൈക്കിംഗ് 2017ൽ പ്രസിദ്ധീകരിച്ച ഈ പുസ്തകം ഇന്ത്യൻ ഭരണഘടന നൽകുന്ന മൗലികാവകാശമായ സംസാര ആവിഷ്ക്കാര സ്വാതന്ത്ര്യത്തെ ആഴത്തിൽ പരിശോധിക്കുകയാണ്. സംഭാഷണത്തിലും പ്രസംഗത്തിലും തർക്കശാസ്ത്രത്തിലും ഇന്ത്യക്കാർ എക്കാലവും മുന്നിലാണ് എന്ന് അമർത്യാ സെൻ അദ്ദേഹത്തിന്റെ 'ആർഗ്ഗുമെന്റേറ്റീവ് ഇന്ത്യൻ' എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നുണ്ട്. എങ്കിൽക്കൂടിയും സംസാര ആവിഷ്ക്കാര സ്വാതന്ത്ര്യം ഭരണഘടന നൽകുന്ന മൗലികാവകാശം എന്ന തരത്തിൽ ഇന്ത്യൻ ജനാധിപത്യത്തെ എത്രമാത്രം ഗുണകരമായി സഹായിക്കുന്നു എന്ന് ഗ്രന്ഥകാരൻ വിശകലനം ചെയ്യുന്നുണ്ട്. മറ്റ് മൗലികാവകാശങ്ങളെ പോലെതന്നെ സംസാര ആവിഷ്ക്കാര സ്വാതന്ത്ര്യം പൂർണ്ണ അർത്ഥത്തിൽ വിനിയോഗിക്കാൻ ഭരണഘടനയുടെ അനുച്ഛേദം 19(1) (എ) അനുവദിക്കുന്നില്ല. എട്ടോളം നിയന്ത്രണങ്ങൾ ഈ അവകാശത്തെ പൂർണ്ണമായി വിനിയോഗിക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്. ഈ നിയന്ത്രണങ്ങൾ ഈ അവകാശത്തെ തന്നെ ഹൈജാക്ക് ചെയ്യുന്നുണ്ടോ എന്ന് ഗ്രന്ഥകാരൻ പരിശോധിക്കുന്നുണ്ട്. ഐറിഷ് ഭരണഘടനയിൽ നിന്ന് കടമെടുത്ത അനുച്ഛേദം 19 (1) (എ) ൽ ഉൾപ്പെടുന്ന മൗലികാവകാശത്തിൽ സ്വതന്ത്ര പത്രപ്രവർത്തനാവകാശം പക്ഷേ ചേർത്തിട്ടില്ല. അപ്രകാരം പത്രസ്വാതന്ത്ര്യം ചേർക്കപ്പെടാതിരുന്നതിന്റെ പശ്ചാത്തലവും ഗ്രന്ഥകാരൻ പരിശോധിക്കുന്നുണ്ട്. ബ്രിട്ടീഷ് ഭരണകാലത്ത് 1895 ൽ ബാലഗംഗാധര തിലകിന്റെ നേതൃത്വത്തിൽ ഒരു ഭരണഘടനാ ബിൽ തയ്യാറാക്കിയിരുന്നു. അതിൽ സംസാരസ്വാതന്ത്ര്യം പൗരന് ഉറപ്പാക്കിയിരുന്നു. 1925ലെ രണ്ടാമത്തെ ഭരണഘടനാ ബിൽ ആയ കോമൺവെൽത്ത് ഓഫ് ഇന്ത്യ ബില്ലിലും സംസാര സ്വാതന്ത്ര്യം പൗരന് അനുവദിച്ചിട്ടുണ്ട്. 1947ൽ സ്ഥാപിതമായ ഭരണഘടന നിർമ്മാണ സബ് കമ്മിറ്റിയിൽ പ്രൊഫസർ കെ.റ്റി.ഷാ, സർദാർ കെ.എം.മുൻഷി, ഹർണാം സിംഗ്, ഡോ. ബി.ആർ. അംബേദ്കർ എന്നിവർ അംഗങ്ങളായിരുന്നു. അവരാണ് ഇന്ന് കാണുന്ന ഭരണഘടനാ അനുച്ഛേദം 19(1) (എ) ൽ പ്രഖ്യാപിച്ചിട്ടുള്ള സംസാരത്തിനും ആവിഷ്ക്കാരത്തിനുമുള്ള മൗലികാവകാശം തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ഇവയിൽ ഒന്നിലും പത്രസ്വാതന്ത്ര്യം ഒരു മൗലികാവകാശമായി കണക്കാക്കിയിട്ടില്ല. അമേരിക്കൻ ഭരണഘടനയിൽ ബിൽ ഓഫ് റൈറ്റ്സിൽ പത്രസ്വാതന്ത്ര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണഘടനാ കരട് 1949 ൽ അംഗീകരിച്ചപ്പോൾ ഈ മൗലികാവകാശങ്ങൾക്കുമേൽ നാല് നിയന്ത്രണങ്ങൾ ചേർത്തിരുന്നു. രാജ്യത്തെ വിഭജിക്കുന്ന പ്രസംഗം/പ്രസ്താവന, അശ്ലീല സംഭാഷണം, കോടതിയലക്ഷ്യം, മാനനഷ്ടം ഉളവാക്കുന്ന പ്രസ്താവനകൾ എന്നിവ ആയിരുന്നു ആ നാല് നിയന്ത്രണങ്ങൾ.



അഭിനവ് ചന്ദ്രച്ചൂഡ്

ആവിഷ്ക്കാര – സംസാര സ്വാതന്ത്ര്യ മൗലികാവകാശ ബിൽ അവതരിപ്പിച്ച് നെഹ്റു ഭരണഘടനാ നിർമ്മാണസഭയിൽ ചർച്ച നയിക്കവെ ഡോ. അംബേദ്കറും കെ.എം. മുൻഷിയും ഇപ്രകാരം പറയുകയുണ്ടായി. 'ഈ അവകാശം പൗരന്മാർ പക്വതയോടെ ഇംഗ്ലണ്ടിലും അമേരിക്കയിലും കൈകാര്യം ചെയ്യുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ ഇന്ത്യൻ പൗരന്മാർ പക്വതയോടെ ഈ അവകാശം ഉപയോഗിക്കാൻ പ്രാപ്തരാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതിനാൽ പ്രസംഗങ്ങളും പ്രസ്താവനകളും സത്യസന്ധമായിരിക്കെ, അപ്രിയ സത്യങ്ങൾ വിളിച്ചുപറയാൻ ഈ അവകാശം ഉപയോഗിക്കാതിരിക്കുക'. വളരെ ഗൗരവമായ പഠനങ്ങളും വിവിധ കോടതികളുടെ വിധിന്യായങ്ങളും പരിശോധിച്ച് തയ്യാറാക്കിയിട്ടുള്ള ഈ ഗ്രന്ഥം പ്രൗഢമായ അതിന്റെ ഉള്ളടക്കത്താൽ സമ്പുഷ്ടമാണ്. ഉയർന്ന നിലവാരത്തിലുള്ള പുസ്തക ഭാഷ പക്ഷേ ലളിതവും ഒട്ടും തന്നെ ദുർഗ്രഹവുമല്ല. സുപ്രീം കോടതിയിൽ ഭരണഘടനാ ധാർമ്മികത ഉയർത്തിപ്പിടിക്കുന്ന വിധിന്യായങ്ങൾ പുറപ്പെടുവിക്കുന്ന ജസ്റ്റിസ് ഡി.വൈ. ചന്ദ്രച്ചൂഡിന്റെ മകനാണ് ഗ്രന്ഥകർത്താവ് അഭിനവ് ചന്ദ്രച്ചൂഡ്. സംസാര –ആവിഷ്ക്കാര സ്വാതന്ത്ര്യങ്ങൾ ദുരുപയോഗം ചെയ്ത് വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും വിത്തുകൾ സമൂഹത്തിൽ വിതയ്ക്കാൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ, ഈ മൗലികാവകാശം എപ്രകാരം സംസ്ക്കാരബോധത്തോടെയും ഭരണഘടനാ ധാർമ്മികതയിലും ഊന്നി ഉപയോഗിച്ച്, ജനാധിപത്യത്തെയും വ്യക്തിവികാസത്തെയും സമൂഹത്തിൽ സാധ്യമാക്കാം എന്ന് ഗ്രന്ഥം ഉൾക്കാഴ്ച്ചയോടെ പരിശോധിക്കുന്നു.

# ഒരു പിറന്നാൾ സമ്മാനം കൊച്ചി രാജ്യത്തിലെ ആദ്യ മന്ത്രി

നാട്ടുരാജ്യമായ കൊച്ചിയിലായിരുന്നു ആദ്യമായി ഒരു മന്ത്രി നിയമിക്കപ്പെട്ടത്. പല പരിഷ്കാരങ്ങളും രാജാക്കന്മാരുടെ പിറന്നാൾ സമ്മാനമായിരുന്നു രാമവർമ്മ മൂന്നാമൻ രാജാവിന്റെ പിറന്നാൾ സമ്മാനമായി 1938 ജൂൺ മാസം കൊച്ചിയിലെ ആദ്യ മന്ത്രിയായി അമ്പാട്ട് ശിവരാമ മേനോൻ നിയമിക്കപ്പെട്ടു. 850 രൂപയായിരുന്നു ആദ്യ മന്ത്രിയുടെ ശമ്പളം. ഗ്രാമവികസനമായിരുന്നു വകുപ്പ്. വാർഷിക ബജറ്റ് വിഹിതം 20000 രൂപയും. ഒരു ഇന്ത്യൻ നാട്ടുരാജ്യത്തെ ആദ്യ ജനകീയ മന്ത്രിയായിരുന്നു ശിവരാമ മേനോൻ.

1919–ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിന്റെ മാതൃകയിൽ 1938 ൽ ഗവൺമെന്റ് ഓഫ് കൊച്ചിൻ ആക്ട് നിലവിൽ വന്നിരുന്നു. ഇതേത്തുടർന്ന് ദ്വിഭരണ സമ്പ്രദായത്തിൽ സ്വതന്ത്രരുടെ പിന്തുണയോടെ കൊച്ചിൻ കോൺഗ്രസ് പാർട്ടി അധികാരത്തിലെത്തി. കൊച്ചിൻ കോൺഗ്രസ് പാർട്ടിയുടെ നേതാവായിരുന്നു ശിവരാമ മേനോൻ.

അഭിഭാഷകനെന്ന നിലയിൽ ഒരു ഇതിഹാസമായി ശിവരാമ മേനോൻ വിശേഷിപ്പിക്കപ്പെട്ടു. 'സഞ്ചരിക്കുന്ന സർവ്വ വിജ്ഞാനകോശം' എന്നറിയപ്പെട്ട അദ്ദേഹം മദ്രാസ് ഹൈക്കോടതിയിലാണ് പ്രാക്ടീസ് ചെയ്തിരുന്നത്. ഹിന്ദു മരുമക്കത്തായ നിയമത്തിന്റെ കാര്യത്തിൽ മദ്രാസ് ഹൈക്കോടതിയിലെ ആധികാരിക ശബ്ദം അദ്ദേഹത്തിന്റേതായിരുന്നു. ഇന്ത്യയിലെ ആദ്യകാല സഹകരണ പ്രസ്ഥാനങ്ങളുടെ സ്ഥാപകരിൽ ഒരാളായിരുന്നു ശിവരാമ മേനോൻ. 1904 ഏപ്രിൽ 9 ന് രാവിലെ 7.30 ന് രണ്ടു ജീവനക്കാരുമായി തുടങ്ങിയ Triplicane Urban Co-Operative Society–യുടെ സ്ഥാപകനായിരുന്നു അദ്ദേഹം. 1904 ലെ കോ ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റീസ് ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഇത് നിലവിൽ വന്നത്. 1936–ൽ മുളങ്കുന്നത്തുകാവിൽ നിന്നും കൊച്ചി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതോടെയാണ് അദ്ദേഹം സജീവ അഭിഭാഷകവൃത്തിയിൽ നിന്നും വിടവാങ്ങിയത്.



ഇന്ത്യയിലെ ആദ്യ സഹകരണ പ്രസ്ഥാനങ്ങളിലൊന്നായ ഈ സൊസൈറ്റിയുടെ ഭരണത്തിൽ സർക്കാർ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തരുതെന്ന് തീരുമാനിച്ചത് മേനോൻ പ്രസിഡന്റ് ആയിരുന്നപ്പോഴാണ്. കേരളത്തിന്റെയും മദ്രാസിന്റെയും പഴയകാല രാഷ്ട്രീയ ചരിത്രത്തിൽ സുപ്രധാന പങ്കുവഹിച്ച ജസ്റ്റിസ് പാർട്ടിയുടെ സ്ഥാപകരിലൊരാളും പാർട്ടി പത്രമായ 'ദി ലിബറേറ്ററി'ന്റെ എഡിറ്ററുമായിരുന്നു അദ്ദേഹം. 1938 ആഗസ്റ്റ് 30–ന് ഹൃദയസ്തംഭനത്തെ തുടർന്ന് അദ്ദേഹം അന്തരിച്ചു.

ആദ്യമന്ത്രി അധികാരത്തിലിരിക്കെത്തന്നെ അകാലത്തിൽ മരണമടയുകയായിരുന്നു.

## നിയമസഭാ സമിതി റിപ്പോർട്ടുകൾ

### ശബരിമലയിൽ മാലിന്യസംസ്കരണം കാര്യക്ഷമമാക്കണം



ശബരിമലയിൽമാലിന്യസംസ്കരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും സുപ്രധാന ശിപാർശകൾ ഉൾപ്പെടുത്തി മുല്ലക്കര രത്നാകരൻ അധ്യക്ഷനായ നിയമസഭാ പരിസ്ഥിതി സമിതിയുടെ റിപ്പോർട്ട് 2018 ഡിസംബർ 12–ാം തീയതി സഭയിൽ സമർപ്പിച്ചു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് എരുമേലി, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സമിതി നേരിൽ കണ്ട് വിലയിരുത്തിയിരുന്നു.

എരുമേലിയിലും നിലയ്ക്കലിലും മാലിന്യ സംസ്കരണത്തിനായി സ്ഥിരം സംവിധാനം ഒരുക്കുക, പമ്പാനദിയുടെ സംരക്ഷണത്തിനായി പ്രകൃതി സൗഹൃദ മാസ്റ്റർ പ്ലാൻ തയ്യാറാക്കുക, പമ്പാ ആക്ഷൻ പ്ലാനുമായി ബന്ധപ്പെട്ട ഖര–ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുക, നിലയ്ക്കലിനപ്പുറത്തേക്ക് സ്വകാര്യ വാഹനയാത്രയും ബൈക്ക് യാത്രയും നിരോധിക്കുക, എരുമേലി, പമ്പ, സന്നിധാനത്തിന്റെ പരിസര പ്രദേശം എന്നിവിടങ്ങളിൽ പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിനായി സത്വര നടപടി സ്വീകരിക്കുക, എന്നിവയാണ് സമിതിയുടെ പ്രധാന ശിപാർശകൾ. മാലിന്യസംസ്കരണം ശരിയാംവിധം നടപ്പിലാക്കുന്നുണ്ടെന്ന് ഹൈപവർ കമ്മിറ്റിയും, ദേവസ്വം ബോർഡും നിരീക്ഷിക്കണമെന്നും, രാസസിന്ദൂരം, ബ്ലീച്ചിംഗ് പൗഡർ എന്നിവയുടെ ഉപയോഗം നിയന്ത്രിക്കണമെന്നും എരുമേലി, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ശൗചാലയങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കണം

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി, പുരോഗതി വിലയിരുത്താൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിയമസഭാ സമിതിയുടെ ശിപാർശ.

അടിസ്ഥാന സൗകര്യ വികസനത്തിനു പുറമേ ആശുപത്രി വികസന സമിതികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് സന്നദ്ധ സംഘടനകളിൽ നിന്ന് സാമ്പത്തിക സഹായം സ്വീകരിക്കുവാൻ അനുമതി നൽകുക, ജീവനക്കാരുടെ ഒഴിവുകൾ നികത്തുക, സുരക്ഷാ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക, സുരക്ഷയ്ക്കായി പ്രത്യേക സംവിധാനം ഒരുക്കുക, രോഗം ഭേദമായവരുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പുനരധിവാസ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക, പല രോഗികൾക്കും കൂട്ടിരിപ്പുകാർ ഇല്ലാത്ത വിഷയം സാമൂഹ്യ–സന്നദ്ധ സംഘടനകൾ ഗൗരവമായി ഏറ്റെടുക്കുക തുടങ്ങിയ ശിപാർശകളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വി.കെ. ഇബ്രാഹിം കുഞ്ഞ് അദ്ധ്യക്ഷനായ 'ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി', 'മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനം സംബന്ധിച്ച്' 2018 ഡിസംബർ 11 ന് സഭയിൽ സമർപ്പിച്ച അഞ്ചാമത് റിപ്പോർട്ടിലാണ് ശിപാർശകൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ



# പ്രളയമേഖലയിൽ ആശ്വാസവുമായി നിയമസഭാ സമിതി

വയനാട്, കുട്ടനാട് എന്നിവിടങ്ങളിൽ വിനോദസഞ്ചാര മേഖലയുടെ പുനർനിർമ്മാണത്തിൽ ഹരിതരീതി കർശനമാക്കണം, സുരക്ഷ, മലിനീകരണ നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പുതുക്കണം തുടങ്ങിയ സുപ്രധാന ശിപാർശകൾ ഉൾപ്പെടുത്തി എസ്.ശർമ്മ അദ്ധ്യക്ഷനായ നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനെട്ടാമതും പത്തൊൻപതാമതും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു. വയനാട്, കുട്ടനാട് പ്രദേശങ്ങളിലെ പ്രളയക്കെടുതി മേഖലകളിൽ സമിതി നടത്തിയ സന്ദർശനത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

പ്രളയത്തിൽ പൂർണ്ണമായോ ഭാഗികമായോ തകർന്ന വീടുകൾക്കും, കൃഷിനാശം സംഭവിച്ച കർഷകർക്കും ദുരന്തനിവാരണനിധിയിൽ നിന്ന് അടിയന്തര ധനസഹായം നൽകുക, വയനാട് ജില്ലയിലെ ഭൂപ്രകൃതിക്ക് സംഭവിച്ച മാറ്റങ്ങൾ പഠിക്കാൻ നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനെ ചുമതലപ്പെടുത്തുക, ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഭൂവിനിയോഗ നയം രൂപീകരിക്കുക, ജില്ലയിൽ പ്രളയത്തിൽ തകർന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണിക്കായി ദുരിതാശ്വാസ നിധിയിൽ നിന്ന് തുക അനുവദിക്കുക, പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായമായി 10 കോടി രൂപ വയനാട് ജില്ലക്ക് അധികമായി അനുവദിക്കുക, വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 1.5 കോടി രൂപ അധികമായി അനുവദിക്കുക, ജില്ലക്കായി ഒരു പ്രത്യേക കാർഷിക പാക്കേജ് പ്രഖ്യാപിക്കുക, കാർഷിക കടങ്ങൾ എഴുതിത്തള്ളുക, മൊറൊട്ടോറിയം പ്രഖ്യാപിക്കുക, ഉരുൾ പൊട്ടൽ ഉണ്ടായ മേഖലകളിൽ ജി.എഫ്.ആർ.ജി നിർമ്മാണ രീതി പരിഗണിക്കുക, നിശ്ചിത കാലയളവുകളിൽ ആസ്തികളുടെ കണക്കെടുത്ത് സൂക്ഷിക്കുക, പുതിയ കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണികൾ നിർബന്ധമാക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് അപകടരഹിത മേഖലകളിൽ നിർമ്മാണം നടത്തുന്നതിന് അഭിപ്രായസമന്വയം രൂപീകരിക്കുക, വയനാട്ടിലെ വനപ്രദേശങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ തടയുക തുടങ്ങിയവയാണ് വയനാട്ടിലെ പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ.

കുട്ടനാട്ടിൽ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക, വാഴകൃഷി, മത്സ്യകൃഷി, താറാവ് വളർത്തൽ, എന്നിവയിൽ നഷ്ടം സംഭവിച്ച കർഷകർക്ക് ധനസഹായം അടിയന്തരമായി വിതരണം ചെയ്യുക, താറാവ് കൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുക, പശുക്കളും മറ്റ് ഉരുക്കളും നഷ്ടപ്പെട്ട കർഷകർക്ക് അടിയന്തര ധനസഹായം അനുവദിക്കുക, കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക, വിനോദസഞ്ചാര മേഖലയിൽ ഉത്തരവാദ ടൂറിസം രീതിയുടെ സാദ്ധ്യതകൾ പരിശോധിക്കുക, ദുരിത ബാധിത പ്രദേശങ്ങളിൽ ഭൂമിക്ക് സംഭവിച്ച മാറ്റങ്ങൾ പഠിക്കാൻ വിദഗ്ധരടങ്ങിയ സംഘത്തെ നിയോഗിക്കുക, പ്രളയത്തിന്റെ വ്യാപ്തി അടിസ്ഥാനമാക്കി ദുരന്ത സാധ്യതാമേഖലകളുടെ ഭൂപടം തയ്യാറാക്കുക, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ പരിഷ്കരിക്കുക, കുട്ടനാട്ടിൽ ദീർഘകാലവിള പദ്ധതിയും ജൈവകൃഷി രീതിയും ആവിഷ്കരിച്ച് നടപ്പിലാക്കുക തുടങ്ങി പ്രളയം ദുരിതം വിതച്ച മേഖലകളിലെ ജനങ്ങൾക്ക് ആശ്വാസം പകരുന്ന ശിപാർശകൾ സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# വനിതാ ജീവനക്കാർക്ക്

## ചൈൽഡ് കെയർ ലീവിന് ശിപാർശ

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ശിപാർശകളുമായി കേരള നിയമസഭയിലെ സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് 2018 ഡിസംബർ മാസം 7ന് സമിതി അദ്ധ്യക്ഷ അയിഷാ പോറ്റി സഭയിൽ സമർപ്പിച്ചു.

സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ, ബലാത്സംഗം തുടങ്ങിയ പരാതികളിൽ ഉയർന്ന വനിതാ പോലീസുദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തുക, സംസ്ഥാന സർക്കാർ വനിതാ ജീവനക്കാർക്ക് നിശ്ചിത കാലത്തേക്ക് ശമ്പളത്തോടുകൂടിയ 'ചൈൽഡ് കെയർ ലീവ്' അനുവദിക്കുക, കുട്ടികളിലെ ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, പഠനവൈകല്യങ്ങൾ എന്നിവ അദ്ധ്യാപകർക്ക് തിരിച്ചറിയാൻ കഴിയുന്ന തരത്തിൽ ടി.ടി.സി, ബി.എഡ്, എം.എഡ് എന്നിവയുടെ സിലബസ്സുകൾ പരിഷ്കരിക്കുക, സംസ്ഥാനത്തെ ഡേ കെയർ സെന്ററുകൾ സാമൂഹ്യനീതി വകുപ്പിനു കീഴിൽ കൊണ്ടുവരികയും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി ഡേ കെയർ സെന്ററുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുകയും ചെയ്യുക, കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന വ്യാപകമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയാണ് പ്രധാന ശിപാർശകൾ.



# ആരുടെ അളവുകോലുകൾ ?

2018–ലെ നിയമസഭാ മാധ്യമ അവാർഡ് ജേതാവ് പി. ആർ. പ്രവീണ 'മാധ്യമധർമ്മവും വർത്തമാനകാല മാധ്യമസ്വാതന്ത്ര്യവും' സംബന്ധിച്ച് 'അറിവോര'ത്തിനു നൽകിയ പ്രതികരണം



ശരികൾ ലോകത്തെ അറിയിക്കാൻ തൊഴിലെടുക്കുന്നതിനിടെ മരണപ്പെട്ട മാധ്യമപ്രവർത്തകരുടെ എണ്ണം 2018 ൽ 53 എന്ന കണക്കുമായാണ് പുതുവർഷത്തിലേക്ക് നാം കടന്നത്. ഇതിൽ 34 പേരും സത്യങ്ങൾ ലോകത്തെ അറിയിച്ചതിന് പ്രതികാരമായി കൊലചെയ്യപ്പെട്ടവരാണെന്നുകൂടി അറിയുമ്പോഴാണ് മാധ്യമലോകം എത്രമാത്രം അരക്ഷിതമാകുന്നു എന്ന് നാം തിരിച്ചറിയുന്നത്. 2017 ൽ 18 പ്രതികാരക്കൊലകൾക്ക് മാധ്യമ പ്രവർത്തകർ ഇരയായ ഇടത്തുനിന്ന് ഇക്കുറി ഇരട്ടിയോളമായിരിക്കുന്നു ആ എണ്ണം. ഭരണകൂടങ്ങൾ ക്കെതിരെ വാർത്ത നൽകിയതിന് ജയിലറകളിലായവരുടെ എണ്ണം ഇരുനൂറോളമാണ്. മാധ്യമപ്രവർത്തകരുടെ നിരന്തര പ്രയത്നം നേര് തേടലാണ് എന്നതുമാത്രമാണ്. ആ നേര് പറയാനും കണ്ടെത്താനും വേണ്ടിവരുന്ന പ്രയത്നങ്ങൾ പലപ്പോഴും കാണാതെ പോകുന്നു. കണ്ടിട്ടും കണ്ടില്ലെന്ന് നടിക്കുന്നവരുമുണ്ട്. ആ സത്യങ്ങൾ പൊള്ളിക്കുന്നവരാണ് ആയുധങ്ങളുമായി ആ സത്യാന്വേഷകരെ വേട്ടയാടുന്നതും.

മാധ്യമലോകത്ത് ധർമ്മം മറക്കുന്ന കള്ളനാണയങ്ങൾ ഇല്ലായെന്നല്ല. അവരുണ്ടാക്കുന്ന നാണക്കേടുകൾ ചെറുതുമല്ല. പക്ഷേ വെല്ലുവിളികളുടെ ഈ ലോകത്ത് നേര് മാത്രം വിളിച്ചു പറയാൻ കൊതിക്കുന്നവരാണ് മാധ്യമപ്രവർത്തകരിൽ ഏറെയും. മാധ്യമ ധർമ്മവും സ്വാതന്ത്ര്യവും ഇന്ന് ഏത് അളവുകോൽ കൊണ്ട് നിർണ്ണയിക്കാനാകും എന്നതാണ് പ്രശ്നം. വ്യക്തിപരമായ ധാർമ്മികതയ്ക്കൊപ്പം സ്ഥാപനത്തിന്റെ ധാർമ്മികതയും കൂടിച്ചേരുമ്പോൾ പലപ്പോഴും ആശയക്കുഴപ്പത്തിലാകാറുണ്ടാകണം മാധ്യമപ്രവർത്തകർ. ആ ആശയക്കുഴപ്പത്തെ അതിജീവിച്ച് ജനങ്ങളോട് ചേർന്നുനിൽക്കുന്ന വാർത്തകളാക്കി അവതരിപ്പിക്കാനാകുമ്പോഴാണ് യഥാർത്ഥ മാധ്യമപ്രവർത്തനമാകുന്നത്.

അതിനിടയിലാണ് ഒളിഞ്ഞും തെളിഞ്ഞും മാധ്യമ വിലക്കുകളും വായ്മൂടിക്കെട്ടലുകളും ഉണ്ടാകുന്നത്. ത്രിപുരയിൽ രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ പത്രസ്ഥാപനത്തെ തന്നെ പൂട്ടാൻ ശ്രമിച്ചത് നാം കണ്ടു. കൊച്ചുകൊച്ചു സർക്കുലറുകളും ഉത്തരവുകളുമായി മാധ്യമലോകത്തിന്റെ അതിരുകളെ ചെറുതാക്കാൻ സർക്കാരുകൾ ശ്രമിക്കുന്നതും അതിനെ മാധ്യമലോകം തന്നെ ചെറുത്തു തോൽപ്പിക്കുന്നതും കണ്ട വർഷമാണ് കടന്നുപോയത്. അങ്ങനെയാണ് നമ്മുടെ വർത്തമാനകാല ഭരണകൂടങ്ങളേറെയും. വിമർശനങ്ങളെ സ്വീകരിക്കാനാവുന്നില്ല; തെറ്റുകൾ തിരുത്താനുള്ള മനസ്സുണ്ടാവുന്നില്ല; പകരം സത്യം പറയുന്നവർക്ക് നേരെ വാളെടുക്കുകയാണ്.

മത്സരലോകത്ത് പിടിച്ചു നിൽക്കാൻ തോന്നിയതെന്തും വാർത്തയാക്കുന്ന, ജനത്തെ തെറ്റിദ്ധരിപ്പിക്കുന്ന മാധ്യമപ്രവർത്തനവും നാം കാണുന്നു. പുതിയലോകത്ത് ആദ്യം എന്തെങ്കിലും പറഞ്ഞ് ജനങ്ങളെ വിശ്വസിപ്പിക്കാനാണ് ചിലരെങ്കിലും മാധ്യമപ്രവർത്തനം നടത്തുന്നതും. ആ മത്സരത്തിനിടയിൽ മറന്നുപോകുന്ന നൈതികതയും നേരും ആർക്കാണ് പിന്നെ തിരിച്ചു നൽകാനാവുക.



## സാമാജികർ പരാതികൾ സ്പീക്കർക്ക നൽകണം

നിയമസഭാ സാമാജികരിൽ നിന്നും തങ്ങളുടെ അവകാശങ്ങൾ/അധികാരങ്ങൾ നിഷേധിച്ചതായുള്ള പരാതികൾ നിയമസഭാ സമിതികൾക്കു ലഭിക്കുന്നപക്ഷം അവ എത്രയും വേഗം സ്പീക്കറുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി. നിയമസഭാ സാമാജികരിൽ നിന്നും തങ്ങളുടെ അവകാശങ്ങൾ/അധികാരങ്ങൾ നിഷേധിച്ചതായുള്ള പരാതികൾ സമിതികൾ പരിഗണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നിയമസഭാ ചട്ടം 208, 314 എന്നിവ പ്രകാരം സ്പീക്കർ നിർദ്ദേശം പുറപ്പെടുവിച്ചത്.

(4.10.2018-ലെ ബുള്ളറ്റിൻ ഭാഗം -2, നമ്പർ 536)

# സർട്ടിഫിക്കറ്റ് കോഴ്സ് അഞ്ചാമത്തെ ബാച്ചിന്റെ ഉദ്ഘാടനവും നിയമസഭാ മാധ്യമ അവാർഡ് വിതരണവും

കേരള നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആന്റ് ട്രെയിനിംഗ് നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജ്യറിന്റെ അഞ്ചാമത് ബാച്ചിന്റെ ഉദ്ഘാടനവും 2018-ലെ നിയമസഭാ മാധ്യമ അവാർഡ് വിതരണവും 2018 ഒക്ടോബർ 24-ാം തീയതി ബുധനാഴ്ച നിയമസഭാ സമുച്ചയത്തിൽ ഡെപ്യൂട്ടി സ്പീക്കർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ നിർവ്വഹിച്ചു. ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ച ചടങ്ങിൽ നിയമസഭാ സെക്രട്ടറി വി. കെ. ബാബുപ്രകാശ് സ്വാഗതം ആശംസിച്ചു. പരിപാടിയുടെ ഉദ്ഘാടനവും അവാർഡ് ദാനവും നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ നിർവ്വഹിച്ചു. ഭരണഘടനയുടെ പ്രാധാന്യവും ഇന്ത്യൻ സമൂഹത്തിൽ ഭരണഘടനാ മൂല്യങ്ങളുടെ പ്രസക്തിയും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം ചൂണ്ടിക്കാട്ടി. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ചടങ്ങിൽ സംബന്ധിച്ചു.

സി.പി.എസ്.ടി. സർട്ടിഫിക്കറ്റ്കോഴ്സിന്റെ നാലാമത് ബാച്ചിലെ വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും ഭരണഘടനയെ ആസ്പദമാക്കി സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ ഉപന്യാസരചനാ മത്സര വിജയികൾക്കുള്ള സമ്മാനദാനവും തദവസരത്തിൽ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ നിർവ്വഹിച്ചു.




## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...

Nambi Narayanan (S) & Arun Ram

### Ready To Fire

How India and I Survived the ISRO Spy case.



Pub : Bloomsbury, New Delhi, 2018.


Call No: D58w2 NAM Q8

In this book, former ISRO scientist S Nambi Narayanan and senior journalist Arun Ram meticulously unpick the ISRO spy case, revisit old material and discover new details to expose the international plot that delayed India's development of a cryogenic engine by at least a decade.

Taslima Nasrin

### Split A life

Tr. Maharghya Chakraborty




Pub : Penguin, Haryana, 2018.

Call No : O157wN62 TAS Q8

Taslima Nasrin's memoir Split: A Life is a searing account of the challenges she has faced as a woman who calls out fundamentalism and violence against women.

Shashi Tharoor

### Why I am a Hindu.



Pub : Aleph Book Company, New Delhi, 2018.

Call No : Q2 Q8

In this book, Tharoor writes about the history of Hinduism and its core tenets, as well as socio-cultural developments in India that relate to the religion, while elucidating his own religious convictions.


Kenny (Paul D)

### Populism and Patronage

Why Populist win elections in India, Asia and Beyond.

Pub : Oxford University Press, New Delhi, 2017.

Call No : W Q7




Populism and Patronage shows that the populists such as Indira Gandhi and Narendra Modi win elections when the institutionalized ties between non-populist parties and voters decay.

Moss (David A)

### Democracy

A Case study.

Pub : The Belknap Press of Harvard University Press: London, 2017.



Call No : W6.73 Q7

A vigorous civics lesson of 19 case studies that illustrate America's evolving democratic processes and institutions.


Chirashree Das Gupta

### State and Capital in independent India

Institutions and accumulation.

Pub :Cambridge University Press, New Delhi, 2016.

Call No : X.2 Q6



This book presents a historical account of the relationship between state and capital from independence to the liberalisation episodes of 1980s and after.

ബിനു സചിവോത്തമപുരം



### മൊബൈൽ ഫോൺ

സംസ്കാര നിർമ്മിതിയുടെ നവമാധ്യമം

പ്രസാ: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2017.

Call No: D65,4 32Q7

ആശയവിനിമയത്തിനും സംസ്കാര വിനിമയത്തിനും മൊബൈൽഫോൺ നൽകുന്ന സാധ്യതകളും അത് നമ്മുടെ ഭാഷയെയും സംസ്കാരത്തെയും എങ്ങനെ പുനർനിർമ്മിക്കുന്നു എന്നും ഈ പുസ്തകത്തിൽ വിശകലനം ചെയ്യുന്നു.

പ്രതിഭാ റായ്

### പുണ്യതോയ

വിവ. സരോജിനി ഉണ്ണിത്താൻ




പ്രസാ: ഡി.സി.ബുക്ക്സ്, കോട്ടയം, 2016.

Call No: O1591, 3 PRA 32Q6

2011-ലെ ജ്ഞാനപീഠ പുരസ്കാരം ലഭിച്ച പ്രതിഭാറായിയുടെ ഒറിയ നോവലിന്റെ പരിഭാഷ.

ആനന്ദ്

### വിഭജനങ്ങൾ



പ്രസാ: ഡി.സി.ബുക്ക്സ്, കോട്ടയം, 2017.

Call No: O32, 3 ANA Q7

ഓർമ്മകളുടേയും, അവലോകനങ്ങളുടേയും, യാത്രകളുടേയും, ഫിക്ഷന്റേയും സങ്കലനമാണ് വിഭജനങ്ങൾ എന്ന നോവൽ

രാജീവ് ശിവശങ്കർ

### പെണ്ണരശ്



പ്രസാ: ഡി.സി.ബുക്ക്സ്, കോട്ടയം, 2018.

Call No: O32, 3 RAJ Q8

വർത്തമാനകാലത്തിൽ ഇന്ത്യൻ സ്ത്രീത്വം അനുഭവിക്കുന്ന പ്രതിസന്ധികളുടെ നേർച്ചിത്രം വരച്ചുകാട്ടുന്ന നോവൽ.



സുസ്മേഷ് ചന്ദ്രോത്ത്

### 9

പ്രസാ: ഡി.സി.ബുക്ക്സ്, കോട്ടയം, 2017.

Call No: O32, 3 SUS Q7

ഹൈറേഞ്ചിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ടിരിക്കുന്ന നോവൽ

സുഗതകുമാരി

### ഉൾച്ചൂട്



പ്രസാ: ഡി.സി.ബുക്ക്സ്, കോട്ടയം, 2018.

Call No: O32, 6 SUG Q8

സാമൂഹിക-സാംസ്കാരിക രംഗത്തും പാരിസ്ഥിതിക രംഗത്തുമുള്ള പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് എഴുതപ്പെട്ട ലേഖനങ്ങളുടെ സമാഹാരം.

എസ്. പി. സെൻ

### ഇന്ത്യാ ചരിത്രവും ചരിത്രകാരൻമാരും

വിവ. എം.കെ.രാജേന്ദ്രൻ



പ്രസാ: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018.

Call No: V2y7M 32Q8

ഭാരതീയ ഭാഷകളിലും ശിലാശാസനങ്ങളിലും താളിയോലകളിലും മറഞ്ഞുകിടന്ന വിജ്ഞാനത്തെ വർത്തമാനകാല സമൂഹത്തിന് ലഭ്യമാക്കിയ ചരിത്രകാരന്മാരെ പരിചയപ്പെടുത്തുന്ന കൃതി.

എം.ജി. ശശിഭൂഷൺ

### അത്താഴപ്പഷ്ണിക്കാരുണ്ടോ? :

മലയാളികളുടെ ആചാരങ്ങളും അനാചാരങ്ങളും



പ്രസാ: ഡി.സി.ബുക്ക്സ്, കോട്ടയം, 2017.

Call No: Y74212:356 32Q7

വ്യത്യസ്തമായ സാംസ്കാരികതകൾ കൂട്ടിയിണക്കിയ കേരളീയ സമൂഹത്തിലെ വൈവിധ്യമാർന്ന ആചാരങ്ങളിലൂടെയും അനാചാരങ്ങളിലൂടെയും സമ്പ്രദായങ്ങളിലൂടെയും കടന്നുപോകുന്ന അന്വേഷണമാണ് ഈ പുസ്തകം.




'ഒരു നാടൻ പശു ഉണ്ടെങ്കിൽ മുപ്പത് ഏക്കർവരെ കൃഷിചെയ്യാം'

– സുഭാഷ് പലേക്കർ

# ജൈവകൃഷിയിൽ വിജയഗാഥ രചിച്ച കാസർഗോട്ടുകാരൻ

ഒമ്പതേക്കർ ഭൂമിയിൽ പയർ മുതൽ റബ്ബർ വരെ സമ്മിശ്ര ജൈവകൃഷി ചെയ്യുന്ന യുവ കർഷകനാണ് കാസർഗോഡ് ജില്ലയിലെ കണ്ണാലയം നാരായണൻ. നൂറിലധികം നാടൻ വിത്തുകളുടെ സംരക്ഷകൻ. നാടകകൃത്ത്, അഭിനേതാവ്, പത്രപ്രവർത്തകൻ എന്നീ നിലകളിലും കഴിവ് തെളിയിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്കുകളിലൂടെ.....

**താങ്കളുടെ പ്രവർത്തന മേഖല വൈവിദ്ധ്യപൂർണ്ണമാണ്. ജൈവകൃഷിയിലേയ്ക്ക് ശ്രദ്ധതിരിയാൻ കാരണം?**

ഞാൻ താമസിക്കുന്ന കാസർഗോഡ് ജില്ലയിലെ 13 പഞ്ചായത്തുകൾ എൻഡോസൾഫാൻ ദുരിതബാധിത മേഖലയാണ്. ഇവയെപ്പറ്റി മുഖ്യധാരാപത്രങ്ങൾ റിപ്പോർട്ടുചെയ്തു തുടങ്ങുന്നതിനുമുമ്പുതന്നെ അവിടെ മുഴുവൻ സഞ്ചരിച്ച് ദുരന്തജീവിതങ്ങൾ കണ്ടിട്ടുണ്ട്. ഇപ്പോൾ ജനിക്കുന്ന കുട്ടികൾക്കുപോലും പ്രശ്നങ്ങളുണ്ട്. മാരകവിഷത്തിന്റെ ഉപയോഗം കൊണ്ട് സംഭവിച്ച ദുരിതകാഴ്ചകൾ......... ജൈവകൃഷിയിൽ താല്പര്യമുണ്ടാകുന്നത് ഇവിടെ നിന്നാണ്.

**വിപണിയിൽ ജൈവമെന്നപേരിൽ പലതും വില്പനയ്ക്ക് എത്തുന്നു. താങ്കളുടെ ജൈവകൃഷി എപ്രകാരമുള്ളതാണ്?**

പലതരം കൃഷികൾ തൊട്ടുചേർന്നിരിക്കുന്ന സമ്മിശ്രകൃഷി രീതിയാണ്. റബ്ബർ, പച്ചക്കറി, നെല്ല് എന്നിവ ഓരോന്നും അതിനു യോജിക്കുന്ന തരത്തിലുള്ള സ്ഥലത്താണ് കൃഷി ചെയ്തിട്ടുള്ളത്. റബ്ബറിനു സമീപത്ത് കൃഷിക്കുപയോഗിക്കാൻ കഴിയാത്ത മണ്ണിൽ നാനൂറോളം മരങ്ങൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്. അവയിൽ ഇരുനൂറോളം മരങ്ങളിൽ കുരുമുളക് വള്ളികൾ പടർത്തിയിട്ടുണ്ട്. ഒരു വിളയെ ആശ്രയിച്ചുമാത്രം നിൽക്കുമ്പോളാണ് കർഷകൻ പരാജയപ്പെടുന്നത്. കുറച്ചു തെങ്ങ്, കുറച്ചു പച്ചക്കറി, ഒരു പശു എന്നിങ്ങനെ എല്ലാം ആവശ്യമാണ്. എനിക്ക് 'കാസർഗോഡ് ഡ്വാർഫ്' എന്ന പശു ഉണ്ട്. ദിവസേന മൂന്നുഗ്ലാസ് പാൽ കിട്ടും. ഇത്രയും ചെറിയ അളവ് മതി, അത്രയ്ക്ക് ഗുണമുണ്ടതിന്.

**പൂർണ്ണമായും ജൈവകൃഷിയിലേക്ക് മാറിയിട്ടുണ്ടോ?**

പഞ്ചഗവ്യം, ചാണകം, ഗോമൂത്രം എന്നിവ ഉപയോഗിച്ചുള്ള പരിപൂർണ്ണമായ ജൈവകൃഷിയാണിപ്പോൾ ചെയ്യുന്നത്. നേരത്തേ വയലുകളിൽ രാസവളം ഉപയോഗിച്ചുള്ള കൃഷിരീതി ഉണ്ടായിരുന്നു. രാസവളത്തിന്റെ അളവ് ക്രമേണ കുറച്ചുകൊണ്ടുവന്ന് മണ്ണിന്റെ ജൈവസമ്പുഷ്ടത വീണ്ടെടുത്ത് മാത്രമേ പൂർണ്ണമായ ജൈവകൃഷിയിലേക്ക് മാറാൻ സാധിക്കൂ. ഇപ്പോൾ റബ്ബറിനുപോലും രാസവളം ഉപയോഗിക്കുന്നില്ല. രാസവളം മണ്ണിനെ മലിനപ്പെടുത്തുന്നു. മണ്ണു മലിനപ്പെടുമ്പോൾ കിണർവെള്ളം മലിനപ്പെടുന്നു.



സുഭാഷ് പലേക്കർ രാഷ്ട്രപതിയിൽ നിന്നും അവാർഡ് സ്വീകരിക്കുന്നു

**ലാഭകരമായ ജൈവകൃഷി ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്. ഇതെങ്ങനെ സാധ്യമാക്കുന്നു?**

വിഷമില്ലാത്തത് ഈ തോട്ടത്തിൽ നിന്നു ലഭിക്കും എന്ന ഉറപ്പ് ഉപഭോക്താവിന് ഉണ്ടാകണം. അതിന് ഞാൻ തന്നെ ഒരു സംവിധാനം ഒരുക്കിയിട്ടുണ്ട്. അവർക്ക് ആവശ്യമുള്ളവ തോട്ടത്തിൽ പോയി നേരിട്ട് പറിച്ചെടുക്കാം. അവർ ഏറ്റവും നല്ലതു മാത്രം എടുക്കുന്നു. ആവശ്യക്കാരൻ സെലക്ടീവ് ആകുന്നതുകൊണ്ട് 25 രൂപയ്ക്ക് വിൽക്കുന്ന ഒരു കിലോ പയറിന് 35 രൂപ വിലയിടും.

മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാറുണ്ട്. പാവയ്ക്കാ കൊണ്ട് കൊണ്ടാട്ടം ഉണ്ടാക്കുമ്പോൾ അരിഞ്ഞെടുത്ത് വിത്തുകളഞ്ഞ് ഉപ്പിട്ട് പുഴുങ്ങി തണലിൽ വച്ച് ഉണക്കി വീണ്ടും തൈരും ഉഴുന്നും ചേർത്ത മാവിൽ പുരട്ടി ഉണക്കിയെടുക്കുന്നു. ഇങ്ങനെ തയ്യാറാക്കുന്ന 200 ഗ്രാം പാവയ്ക്കാ കൊണ്ടാട്ടത്തിന് 200 രൂപ ലഭിക്കും. കൂടാതെ മഞ്ഞൾപ്പൊടി, വെണ്ടക്ക കൊണ്ടാട്ടം, വഴുതനങ്ങ കൊണ്ടാട്ടം എന്നിവയെല്ലാം ഉണ്ടാക്കുന്നുണ്ട്. ഞാൻ കേരള വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മാർക്കറ്റിലെ അംഗമാണ്.

**അന്യം നിന്നു പോയ ഏതെല്ലാം നെൽവിത്തുകളാണ് സംരക്ഷിക്കുന്നത്?**

അടുക്കൻ, തൊണ്ടി, ചെറുതൊണ്ടി, വെളിയൻ, ചെറു വെളിയൻ, തൊണ്ണൂറാൻ, കല്ലടിയാരൻ, നവര, ഗന്ധകശാല, ചോമൻ, ചെന്നെല്ല്, കയമ്മ, മുള്ളൻ കയമ്മ, കണ്ടറാകുട്ടി ഇങ്ങനെ പലതും മാറിമാറി കൃഷി ചെയ്തു സംരക്ഷിക്കുന്നുണ്ട്.

**പൊതുസമൂഹത്തിന്റെ സമഗ്ര ആരോഗ്യം ലക്ഷ്യമിട്ട് സർക്കാർ നിരവധി പദ്ധതികൾ ആവിഷ്ക്കരിക്കുന്നു. ഈ ഇടപെടലുകൾ എത്രത്തോളം ഫലപ്രദമാണ്?**

അതിനൊരു നേരവകാശിയാണ് ഞാൻ. 'സോളാർട്രാപ്പ്' എന്ന കീടനിയന്ത്രണ മാർഗ്ഗം ഡെമോയ്ക്കുവേണ്ടി എന്റെ തോട്ടത്തിലാണ് സ്ഥാപിച്ചത്. ഇഷ്ടിക, മണൽ, ചണച്ചാക്ക് എന്നിവ ഉപയോഗിച്ച് തയ്യാറാക്കുന്ന നാടൻ ഫ്രിഡ്ജ് എന്നു പറയാവുന്ന 'കൂൾ ചേംബറും' എനിക്ക് കൃഷിവകുപ്പ് അനുവദിച്ചിട്ടുണ്ട്. മത്തൻ, ചേന, കുമ്പളം എന്നിവ സാധാരണ സ്ഥലത്ത് സൂക്ഷിച്ചാൽ ജലാംശം കുറഞ്ഞ് പുതുമ നഷ്ടപ്പെടും. ഒരു പച്ചക്കറിക്കടയിൽ സൂക്ഷിക്കാവുന്നിടത്തോളം പച്ചക്കറി കൂൾ ചേംബറിൽ 7 ദിവസം വരെ സൂക്ഷിക്കാം.

**സുഭാഷ് പലേക്കർ മുന്നോട്ടു വയ്ക്കുന്ന സീറോ ബജറ്റ് ഫാമിംഗ് സമ്പ്രദായത്തെപ്പറ്റി എന്താണ് അഭിപ്രായം?**

മഹാരാഷ്ട്രയിൽ അതു വിജയിച്ചിട്ടുള്ളതായി വാർത്തകൾ കണ്ടു. സീറോ ബജറ്റ് ഫാമിംഗിനെ സംബന്ധിച്ച് വായിച്ചുള്ള അറിവേ എനിക്കുള്ളു. അതു നേരിട്ട് കണ്ടിട്ടില്ല.

**ചെടികൾക്ക് വികാരമുണ്ട് എന്ന് തോന്നിയിട്ടുണ്ടോ?**

അതു സത്യമാണ്. സൗണ്ട് തെറാപ്പി കൊടുത്താൽ ചെടികൾക്ക് നല്ല മാറ്റമുണ്ടാകുന്നുണ്ട്. ചെറിയ ശബ്ദത്തിൽ പാട്ടുവച്ചുകൊടുത്താൽ മരങ്ങളുടെ ഏകാന്തത മാറിക്കിട്ടുന്നതും കായ്ഫലം വർദ്ധിക്കുന്നതും എന്റെ അനുഭവമാണ്.

## നടുത്തളം

**1. തിരു-കൊച്ചി നിയമസഭയിൽ വിശ്വാസപ്രമേയം അവതരിപ്പിച്ച സ്വതന്ത്ര അംഗം?**

ജോസഫ് ചാഴികാട്ട് (2.8.1954 ന് പട്ടം താണുപിള്ള മന്ത്രിസഭയിൽ വിശ്വാസം രേഖപ്പെടുത്തുന്ന പ്രമേയം)

**2. കേരള നിയമസഭയിൽ സ്പീക്കറുടെ പൂർണ്ണ ചുമതല വഹിച്ച ആദ്യത്തെ ഡെപ്യൂട്ടി സ്പീക്കർ?**

എ.നഫീസത്ത് ബീവി (18.4.1961 മുതൽ 8.6.1961 വരെ)

**3. കേരള നിയമസഭയിൽ ആദ്യമായി പാസ്സായ അവിശ്വാസ പ്രമേയം അവതരിപ്പിച്ചത്?**

പി.കെ.കുഞ്ഞ് (8.9.1964 ന് ആർ.ശങ്കർ മന്ത്രിസഭയ്ക്കെതിരെ)

**4. സർഫാസി (SARFAESI) നിയമത്തിന്റെ പൂർണ്ണ രൂപം?**

Securitisation and Reconstruction of Financial Assets and Enforcement of Security Interest Act, 2002.

**5. ഭരണഘടനാ ഭേദഗതി ചർച്ച ചെയ്യുന്നതിനായി കേരള നിയമസഭ പ്രത്യേക സമ്മേളനം ചേർന്ന ദിവസം ?**

29.12.2009 (ഭരണഘടനയുടെ 109-ാമത് ഭേദഗതിക്ക് അംഗീകാരം നൽകുന്നതിനായി)

**6. കേരള നിയമസഭാ നടപടിച്ചട്ടപ്രകാരം ഏതെല്ലാം ഭാഷകളിൽ നിയമസഭാ നടപടികൾ നടത്താവുന്നതാണ്?**

മലയാളം, തമിഴ്, കന്നട, ഇംഗ്ലീഷ് [ സഭാ ചട്ടം 305(1)]

**7. കേരള നിയമസഭയിൽ നിലവിൽ എത്ര ധനകാര്യ സമിതികളുണ്ട്?**

4 (പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി)

**8. 'നിയമസഭയിൽ നിശ്ശബ്ദനായി' ആരുടെ കൃതിയാണ്?**

ഡോ.ആർ.പ്രസന്നൻ (1969 മുതൽ 1984 വരെ നിയമസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു)

**9. നിയമസഭയിൽ മലയാളത്തിൽ നയപ്രഖ്യാപന പ്രസംഗം നടത്തിയ ആദ്യ ഗവർണ്ണർ ?**

എൻ.എൻ.വാഞ്ചു (1974 ജനുവരി 31 )

**10. ഒന്നാം കേരള നിയമസഭയുടെ ആദ്യ സമ്മേളനം ചേർന്ന ദിവസം?**

1957 ഏപ്രിൽ 27 (നിയമസഭാ ദിനമായി ആചരിക്കുന്നു)

ഗ്രാമീണ ചരിത്ര സ്മാരകങ്ങളിലൂടെ

## ക്ഷേത്രപ്രവേശന വിളംബരത്തിന്റെ സാമൂഹ്യ പ്രസക്തി




കേരളത്തിലെ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിൽ ഒരു നവയുഗപിറവിക്ക് വഴിതെളിക്കുകയായിരുന്നു 1936 നവംബർ 12-ാം തീയതിയിലെ ക്ഷേത്രപ്രവേശന വിളംബരം. തിരുവിതാംകൂറിലെ സർക്കാർ ക്ഷേത്രങ്ങൾ കീഴ്ജാതിക്കാർക്കും അവർണ്ണർക്കുമായി തുറന്നുകൊടുത്തുകൊണ്ടുള്ള പ്രഖ്യാപനം നടത്തിയത് 24 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവായിരുന്നു. ക്ഷേത്ര പ്രവേശന വിളംബരത്തെ തുടർന്ന് തിരുവിതാംകൂറിലെ രണ്ടായിരത്തിൽപ്പരം ക്ഷേത്രങ്ങൾ ഹരിജനങ്ങൾക്കായി തുറന്നുകൊടുത്തു. മദ്രാസ് പ്രസിഡൻസിയിൽപ്പെട്ട മലബാറിൽ 1938 ഡിസംബർ 13നും കൊച്ചിയിൽ 1947 ഡിസംബർ 20നും അയിത്തജാതിക്കാർക്ക് ക്ഷേത്രപ്രവേശനം അനുവദിക്കപ്പെട്ടു. ക്ഷേത്രപ്രവേശന വിളംബരത്തെ ഗാന്ധിജി 'യങ്ങ് ഇന്ത്യ', 'ഹരിജൻ' എന്നീ പത്രങ്ങളിലൂടെ 'ആധുനികകാലത്തെ അത്ഭുത സംഭവമെന്നും', 'ജനങ്ങളുടെ മാഗ്നാകാർട്ട' എന്നുമാണ് വിശേഷിപ്പിച്ചത്.

കേരളത്തിൽ ക്ഷേത്രപ്രവേശന വിളംബരസമരങ്ങളുടെ ആദ്യ ചുവടുവയ്പ് 1888-ൽ അരുവിപ്പുറത്ത് ശ്രീനാരായണ ഗുരുദേവൻ പ്രതിഷ്ഠിച്ച ശിവലിംഗ പ്രതിഷ്ഠയായിരുന്നു. ഇത് അനുഷ്ഠാനപരമായ പാരമ്പര്യത്തിന്റെ നിഷേധവും സാമൂഹ്യപരിവർത്തനത്തിന്റെ ഉജ്ജ്വല മുഹൂർത്തവുമായിരുന്നു.

തൊട്ടുകൂടായ്മയുടെ യാതന നാവായിക്കുളം ഗ്രാമത്തിലും വ്യത്യസ്തമായിരുന്നില്ല. ശ്രീശങ്കരനാരായണസ്വാമി ക്ഷേത്ര പരിസരത്തും കീഴ്ജാതിയിൽപ്പെട്ടവരെന്ന് മുദ്രകുത്തപ്പെട്ടവർക്ക് പ്രവേശനം നിഷേധിക്കുന്ന വ്യവസ്ഥിതിക്കെതിരെ നടന്ന സാമൂഹ്യവിപ്ലവത്തിന്റ പ്രതിധ്വനി ഇവിടെയും അനുഭവപ്പെട്ടിരുന്നു.

തലസ്ഥാന നഗരിയായ തിരുവനന്തപുരം ജില്ലയിൽ നിന്ന് 43 കി.മി. വടക്കുമാറി ദേശീയപാതയോട് ചേർന്ന് കിടക്കുന്ന നാവായിക്കുളം ഗ്രാമവും തിരുനാവായിക്കുളം ക്ഷേത്രവും പഴമയുടെ പെരുമപേറുന്ന സാംസ്കാരിക ഭൂമികയാണ്. തിരുവിതാംകൂറിലെ അതിപുരാതനമായ ഈ മഹാക്ഷേത്രം പണികഴിപ്പിച്ചത് ചേരഉദയ മാർത്താണ്ഡവർമ്മ രാജാവാണ്. മാവേലി മഠം, പുല്ലാനി മഠം, വെള്ളൂർ മഠം തുടങ്ങി ഏഴ് കുടുംബങ്ങൾ അടങ്ങിയ ഒരു യോഗം ക്ഷേത്രഭരണം നടത്തിപ്പോന്നിരുന്നു. തിരുവിതാംകൂർ ദേവസ്വംബോർഡ് നിലവിൽ വന്നതോടെ ക്ഷേത്രഭരണം ബോർഡിനുകീഴിലായി.

തലസ്ഥാനനഗരമായ തിരുവനന്തപുരത്തെ കോട്ടയ്ക്കകത്തുള്ള ക്ഷേത്രപ്രവേശന വിളംബര സ്മാരകത്തിന് പുറമേ നാവായിക്കുളം ശ്രീശങ്കരനാരായണസ്വാമി ക്ഷേത്രത്തിന്റെ പടിഞ്ഞാറെ ഗോപുര നടയിലും ക്ഷേത്രപ്രവേശന വിളംബര സ്തൂപം സ്ഥാപിക്കുകയുണ്ടായി. ഇതിന് നേതൃത്വം നൽകിയത് 1936-1938 കാലയളവിൽ നാവായിക്കുളത്തെ സബ്‌രജിസ്ട്രാർ ആയിരുന്ന കെ. കരുണാകരനായിരുന്നു. ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റെ പ്രത്യേക അനുമതിയോടെ നാവായിക്കുളത്തെ ശില്പികളായിരുന്ന വേലു ആചാരി, ചിന്നു ആചാരി എന്നിവരാണ് ഈ സ്തൂപം രൂപകല്പന ചെയ്തത്. പത്തടി ഉയരമുള്ള ശിലാശില്പത്തിൽ ശ്രീപത്മനാഭന്റെ രൂപം ആലേഖനം ചെയ്തിട്ടുണ്ട്. അതിനു താഴെ വിളംബരത്തിന്റെ പ്രസക്തഭാഗം ശിലയിൽ കൊത്തിവച്ചിരിക്കുന്നു. ചരിത്രശേഷിപ്പായ ഈ സ്റ്റാച്ച്യു സ്ഥാപിച്ചതുമുതൽ ഈ പ്രദേശം 'സ്റ്റാച്ച്യു ജംഗ്ഷൻ' എന്ന് അറിയപ്പെട്ടു.

സ്തൂപത്തിന് മുന്നിൽ ദീപം തെളിക്കുന്നത് സ്തൂപ ശില്പികളുടെ പിൻമുറക്കാരാണ്. ഓരനെല്ലൂർ ബാബുവിന്റെ നേതൃത്വത്തിൽ മലയാളവേദി എന്ന കൂട്ടായ്മ ക്ഷേത്രപ്രവേശന വിളംബരസ്തൂപത്തിന്റെ സംരക്ഷണത്തിനായി പ്രവർത്തിച്ചുവരുന്നു.

## ഒരു മഠാധിപതിയും ഇന്ത്യൻ ഭരണഘടനയും



ഇന്ത്യയുടെ നീതിന്യായ ചരിത്രത്തിലെ സമാനതകളില്ലാത്ത ഒന്നാണ് കേശവാനന്ദഭാരതി കേസ്. ഈ കേസ് പരാമർശിക്കാതെ നമ്മുടെ ഭരണഘടനയെ സംബന്ധിച്ച വിചാരങ്ങളോ വിചിന്തനങ്ങളോ സാധ്യമാകില്ല. കേരളത്തിലെ ഒരു മഠാധിപതി 1970 ൽ ഫയൽ ചെയ്ത ഒരു റിട്ട് പെറ്റീഷൻ 48 വർഷങ്ങൾക്കിപ്പുറവും രാജ്യം ചർച്ചചെയ്യുന്നു. ആ ചർച്ച തുടരുകതന്നെ ചെയ്യും. അത് ഒരു രാഷ്ട്രത്തിന്റെയും അതിന്റെ ഭരണഘടനയുടെയും നിലനിൽപ്പും സ്വത്വവും നിശ്ചയിച്ച ഒരു വിധിയാണ്. ശബരിമലയിലെ സ്ത്രീ പ്രവേശനം, നോട്ട് നിരോധനം, ആധാർ തുടങ്ങിയ കാര്യങ്ങളിൽ രാജ്യത്തിന്റെ പരമോന്നത നീതിപീഠത്തിന്റെ തീർപ്പുകളിലെല്ലാം ഈ കേസ് ഒരു ശക്തമായ അന്തർധാരയാണ്.

ഭരണഘടനയുടെ ഭാവി നിശ്ചയിച്ച ഒരു കേസിന് കാരണക്കാരനായ കേശവാനന്ദഭാരതിക്കാണ് 2018 ലെ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ സ്മാരക അവാർഡ്.

അപൂർവ്വതകളുടെ, അസാധാരണത്വത്തിന്റെ, അനിശ്ചിതത്വങ്ങളുടെ വിസ്മയമായിരുന്നു ഈ കേസ്. മലബാറിലെ മഠാധിപതിയായിരുന്ന കേശവാനന്ദഭാരതിക്ക് ഭൂപരിഷ്കരണ നിയമംമൂലം സ്വത്തുവകകൾ നഷ്ടപ്പെടുകയുണ്ടായി. 1963 ലെ കേരള ഭൂപരിഷ്കരണ നിയമം, 1969 ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം എന്നിവ റദ്ദാക്കണമെന്നാവശ്യപ്പെട്ട് 1970 ൽ കേശവാനന്ദഭാരതി സുപ്രീംകോടതിയെ സമീപിച്ചു. രാജ്യത്തിന്റെ ഭരണഘടനയുടെ ഭാവി നിശ്ചയിച്ചത് 1970 ലെ ഈ 135-ാം നമ്പർ റിട്ട് പെറ്റീഷനാണ്. ഇതേ വിഷയം സംബന്ധിച്ച് ഗോലക്‌നാഥ് കേസിൽ 11 അംഗ ബെഞ്ചാണ് വിധി പറഞ്ഞത്. അതുകൊണ്ട് കൂടുതൽ വിശാലമായ 13 അംഗ ബെഞ്ചാണ് കേശവാനന്ദഭാരതി കേസ് കേട്ടത്.



കേശവാനന്ദഭാരതി കേസിലെ ഭൂരിപക്ഷബെഞ്ച്

സുപ്രീംകോടതിയുടെ നിർണ്ണായകമായ തീരുമാനങ്ങളെ മറികടക്കുവാൻ ഇന്ദിരാഗാന്ധി സർക്കാർ നാല് സുപ്രധാന ഭരണഘടനാഭേദഗതികൾ കൊണ്ടുവന്ന സമയമായിരുന്നു അത് (24-ാം ഭേദഗതി, 25-ാം ഭേദഗതി, 26-ാം ഭേദഗതി, 29-ാം ഭേദഗതി). ഇന്ത്യകണ്ട ഏറ്റവും പ്രഗത്ഭ അഭിഭാഷകനായ നാനാഭായ് പൽക്കിവാല ഈ കേസിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ഭരണഘടനയുടെ അനുച്ഛേദം 26-ന് കീഴിൽ ഈ കേസ് ഫയൽ ചെയ്യുകയുണ്ടായി. ഇന്ദിരാഗാന്ധി സർക്കാരിന്റെ എല്ലാ ഭരണഘടനാ ഭേദഗതികളും ഈ കേസിലൂടെ ചോദ്യം ചെയ്യപ്പെട്ടു. പാർലമെന്റിന് ഭരണഘടനാ ഭേദഗതി നിയമം പാസ്സാക്കാനുള്ള അധികാര വ്യാപ്തിയാണ് അടിസ്ഥാനമായി ചോദ്യം ചെയ്യപ്പെട്ടത്. ഭരണഘടനയുടെ അടിസ്ഥാന ഘടനാ വിശേഷം (Basic Structure) തീരുമാനിക്കപ്പെട്ടത് ഈ കേസിലൂടെയാണ്. ഭരണഘടനയുടെ അടിസ്ഥാന ഘടനാവിശേഷത്തിൽ മാറ്റം വരുന്ന തരത്തിലുള്ള ഭരണഘടനാ ഭേദഗതികൾ പാർലമെന്റിന് സാധ്യമല്ലെന്ന് ഈ കേസിലൂടെ സുപ്രീംകോടതി വിധിക്കുകയുണ്ടായി. അനിശ്ചിതത്വങ്ങൾ നിറഞ്ഞ ഒരു വ്യവഹാര ചരിത്രം കൂടിയാണിത്. കേസ് പരിഗണിച്ച ബെഞ്ചിലെ ജസ്റ്റിസ് ബെഗിന്റെ അനാരോഗ്യം കാരണം കേസ് വീണ്ടും കേൾക്കേണ്ടിവരുമെന്ന സ്ഥിതിയുണ്ടായിരുന്നു. 1973 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി മൂന്നുതവണ അദ്ദേഹം ആശുപത്രിയിലായി. ചീഫ് ജസ്റ്റിസ് സിക്രിയുടെ വിരമിക്കൽ തീയതി, രണ്ടാഴ്ചത്തെ യൂറോപ്പ് യാത്ര എന്നിവയും കേസിന്റെ വിധി മാറ്റിവയ്ക്കപ്പെടുമോ എന്ന ആശങ്ക ഉണ്ടാക്കിയിരുന്നു. എന്നാൽ ഭാരതത്തിന്റെ ജനാധിപത്യത്തിന്റെ ഭാവിഭാഗധേയം നിശ്ചയിച്ച ഈ കേസിന് ഒരു പ്രതിബന്ധവും തടസ്സമായില്ല. വിധിയുടെ സംക്ഷിപ്തവും വിവാദത്തിൽപ്പെട്ടു. വിധിയുടെ സംക്ഷിപ്തത്തിൽ റേ, മാത്യു, ബെഗ്, ദ്വിവേദി എന്നിവർ ഒഴികെ 9 ജഡ്ജിമാർ മാത്രമാണ് ഒപ്പുവച്ചത്.

കേസിന്റെ വാദം കേൾക്കൽ 1973 മാർച്ച് 22 ന് അവസാനിച്ചു. 703 പേജുകളുള്ള വിധിന്യായത്തിൽ 80 പേജുകൾ സുപ്രീംകോടതിയുടെ വിധിന്യായങ്ങളുടെ അടിക്കുറിപ്പുകളായിരുന്നു. പരാതിക്കാരനായ കേശവാനന്ദഭാരതിയും വക്കീലായ പൽക്കിവാലയും ഒരിക്കൽ പോലും നേരിൽ കണ്ടില്ല. വാദിയും വക്കീലും നേരിൽക്കാണാത്ത ഒരു കേസ്. ബെഞ്ചിലെ 13 ന്യായാധിപന്മാരും പ്രത്യേകം വിധിന്യായം തയ്യാറാക്കിയ കേസ്.

സുപ്രീംകോടതിയുടെ ചരിത്രത്തിൽ സീനിയോറിറ്റി മറികടന്ന് ചീഫ് ജസ്റ്റിസ് നിയമിക്കപ്പെട്ടതും ഈ കേസിനെത്തുടർന്നാണ്. ഷെലാട്, ഗ്രാവർ, ഹെഗ്‌ഡെ എന്നീ മൂന്നു ജഡ്ജിമാരെ മറികടന്നാണ് സർക്കാരിന് അനുകൂലമായി വിധി പറഞ്ഞ ജസ്റ്റിസ് റേ-യെ ഇന്ദിരാഗാന്ധി സർക്കാർ ചീഫ് ജസ്റ്റിസായി നിയമിച്ചത്. ഈ മൂന്ന് ജഡ്ജിമാരും ഉടൻതന്നെ രാജിവയ്ക്കുകയുണ്ടായി.

ചീഫ് ജസ്റ്റിസായി ചുമതലയേറ്റ ജസ്റ്റിസ് റേ കേശവാനന്ദഭാരതി കേസിലെ വിധി പുന:പരിശോധിക്കുന്നതിനായി ഒരു 13 അംഗ ബെഞ്ച് രൂപീകരിച്ചു. 1973 നവംബർ 10-ാം തീയതി ഒന്നാം നമ്പർ കോടതിമുറിയിൽ 13 അംഗബെഞ്ചിന്റെ സിറ്റിംഗ് ആരംഭിച്ചു. കേശവാനന്ദഭാരതി കേസ് സംബന്ധിച്ച ഒരു പുന:പരിശോധനാ ഹർജി കോടതിയുടെ മുന്നിലുണ്ടോയെന്ന് പാൽക്കിവാല ചോദിച്ചു. തമിഴ്നാട് സർക്കാർ ഹർജി ഫയൽ ചെയ്തിട്ടുണ്ടെന്ന് ജസ്റ്റിസ് റേ അറിയിച്ചു. കോടതിയിൽ ഹാജരുണ്ടായിരുന്ന തമിഴ്നാടിന്റെ അഡ്വക്കേറ്റ് ജനറൽ ഇക്കാര്യം അപ്പോൾതന്നെ നിഷേധിക്കുകയുണ്ടായി. അടുത്തദിവസവും കേസിൽ കോടതി വാദം കേട്ടു. നവംബർ 12-ാം തീയതിയാണ് പിന്നീട് ഈ കേസ് കോടതിയുടെ പരിഗണനയ്ക്ക് വന്നത്. അന്ന് കോടതി ചേർന്ന ഉടൻ എല്ലാ ജഡ്ജിമാരും ഇരിക്കുന്നതിന് മുമ്പ് ഈ ബെഞ്ച് പിരിച്ചുവിട്ടതായി ജസ്റ്റിസ് റേ അറിയിച്ചു. ഈ കേസിന്റെ വിചാരണ സംബന്ധിച്ച നടപടിരേഖകൾ സുപ്രീം കോടതിയിൽ നിന്നും അപ്രത്യക്ഷമായി.

പരമോന്നത നീതിപീഠത്തിന്റെ എത്രയോ വിധികളുണ്ടായി. കേശവാനന്ദഭാരതി എന്ന ഇതിഹാസ വ്യവഹാരം കാലാതിവർത്തിയായി നിലനിൽക്കുന്നു. കാസർഗോഡ് എടനീർ മഠത്തിൽ കേശവാനന്ദഭാരതി ഇപ്പോഴുമുണ്ട്.



# സെക്യുലറിസം - ഭാരതീയ കാഴ്ചപ്പാടിൽ

2018-ലെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജ്യർ പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ശ്രീജിത്ത് എം.നായർ 'അറിവോര'ത്തിനു നൽകിയ പ്രതികരണം

സെക്യുലർ എന്ന വാക്കിന് നിഘണ്ടു തരുന്ന മലയാളം അർത്ഥം-വ്യാഖ്യാനത്തിനുപോലും പല തർക്കങ്ങൾ ഭാഷാ നൈപുണികൾക്കിടയിൽ ഉണ്ട്. ഒന്നാമത്തെ അർത്ഥം 'മതേതരത്വം' എന്നതാണ്. അതായത് മത+ഇതരത്വം=മതമില്ലാത്ത അവസ്ഥ. രണ്ടാമത്തേത് 'മതനിരപേക്ഷത' എന്നത്. ഇത് ഒരു മതത്തോടും ബന്ധമില്ലാത്ത അവസ്ഥയെ സൂചിപ്പിക്കുന്നു. ഒന്നാമത്തേതിനേക്കാൾ രണ്ടാമത്തെ വ്യാഖ്യാനത്തോട് നാം ഒരു പരിധിവരെ യോജിച്ചാലും ആഴത്തിൽ മനസ്സിലാക്കിയാൽ ഇതു രണ്ടുമല്ല സെക്യുലർ എന്നത്. കുറേക്കൂടി യോജിച്ച ഒരു പദം സർവ്വമത സമഭാവന എന്നായിരിക്കും. പക്ഷേ അതിലും ഒരു 'മതം' കടന്നു വരുന്നതുകൊണ്ടും നാം നിരീശ്വരവാദികളേയും ഉൾക്കൊണ്ടു മുന്നോട്ടു പോകുന്നതുകൊണ്ടും നമുക്ക് സെക്യുലറിസത്തെ 'സർവ്വധർമ്മ സമഭാവന' എന്നു വിളിക്കാമെന്ന് എനിക്ക് തോന്നുന്നു.

വർഗ്ഗീയ ശക്തികളും കപട രാഷ്ട്രീയവാദികളും ആയിട്ടുള്ള സ്ഥാപിത താൽപര്യക്കാർ സെക്യുലറിസം എന്ന മനോഹരമായ അവസ്ഥയെ തകർക്കാൻ മുന്നിട്ടിറങ്ങുന്നു. രാഷ്ട്രീയ ശക്തികൾ വോട്ടുബാങ്കിനെ മാത്രം ലക്ഷ്യം വച്ച് ആ അവസ്ഥയെ തകിടം മറിക്കുന്നു. പല മതനേതാക്കളും ഇതിനെ സാമ്പത്തികചൂഷണത്തിനുള്ള അവസരമായി കാണുന്നു. അല്പന്മാരായിട്ടുള്ള പലരും പ്രശസ്തിക്കുവേണ്ടി ഈ അവസരത്തെ വിനിയോഗിക്കുന്നു. ഈ പറഞ്ഞ കൂട്ടരുടെ കയ്യിലെ ചട്ടുകമാകാൻ വേറെ പലരും. ഇതിന്റെ എല്ലാം പരിണത ഫലമോ? സർവ്വധർമ്മ സമഭാവന എന്നത് ആരും അറിയാതെ തന്നെ സ്വന്തം കാര്യം മാത്രം ഭാവന എന്നതായി മാറുന്നു.

ഒന്നു ചിന്തിച്ചപ്പോൾ തന്നെ നമുക്ക് അസ്വസ്ഥത തോന്നി. ആ അസ്വസ്ഥത മാറണമെങ്കിൽ നാം ഗാഢമായി ചിന്തിച്ച് ഉണർന്ന് പ്രവർത്തിച്ചേ പറ്റൂ. സ്വയം ഒന്നു ചോദിച്ചുനോക്കൂ - ഇങ്ങനെ പോയാൽ മതിയോ? പോര. നാം ഉണർന്നെണീക്കുവാൻ സമയമായിരിക്കുന്നു. സെക്യുലറിസം നമ്മുടെ ഓരോരുത്തരുടേയും വീടുകളിൽ നിന്നു വേണം പിറവിയെടുക്കാൻ. അതിനുള്ള മണ്ണ് ഒരുക്കാൻ നാം തയ്യാറാകണം. സ്വാഭാവികമായും നമുക്ക് ഓരോരുത്തർക്കും നാം വിശ്വസിക്കുന്ന ഒരു മതം ഉണ്ടാവും. അത് ശ്രേഷ്ഠവുമാണ്. എന്നാൽ മറ്റുള്ള എല്ലാ മതങ്ങളും നീചമാണ് എന്ന കാഴ്ചപ്പാട് നമ്മളും നമ്മുടെ വീട്ടുകാരും ഉപേക്ഷിച്ചാൽ, അതുപേക്ഷിക്കാൻ നമ്മുടെ സുഹൃത്തുക്കളെ പ്രേരിപ്പിച്ചാൽ അവിടെ ഒരു സെക്യുലർ മരം വളരാൻ തുടങ്ങുകയായി.

അടുത്തതായി വേണ്ടത് രാഷ്ട്രീയ വിദ്യാഭ്യാസമുള്ളതും, ശാരീരികമായും മാനസികമായും ലഹരിക്ക് (മനസ്സിനെ മയക്കുന്ന ലഹരി/ കറുപ്പാണ് തീവ്രമതചിന്ത) അടിമപ്പെടാത്ത ഒരു പറ്റം ചെറുപ്പക്കാരെയാണ്. ഇതിനുവേണ്ടി അധികാരികൾ ഉണർന്ന് പ്രവർത്തിച്ചേ മതിയാകൂ. രാഷ്ട്രീയ വിദ്യാഭ്യാസം (ഇന്നത്തെ വിദ്യാർത്ഥി രാഷ്ട്രീയമല്ല ഉദ്ദേശിച്ചത് ) നിർബന്ധിത പഠന വിഷയമാക്കാനുള്ള നടപടികൾ സ്വീകരിച്ചാൽ മാത്രമേ, ഭരണഘടന എന്ന പേരിനപ്പുറം അത് എന്താണ്, അതിന്റെ അന്തഃസത്ത എന്താണ് എന്നൊക്കെ മനസ്സിലാക്കാൻ കുട്ടികൾക്ക് സാധിക്കൂ. ഇനിയുള്ള ഒരു മാറ്റം നമ്മുടെ ജനപ്രതിനിധികളും രാഷ്ട്രീയക്കാരും മതനേതാക്കളും ഏറ്റെടുക്കേണ്ടതാണ്. ജനങ്ങളുടെ വിചാര വികാരങ്ങൾ മനസ്സിലാക്കുന്ന നേതാക്കൾ അവരെ സെക്യുലറിസത്തിന്റെ ആവശ്യകതയെപ്പറ്റി ബോധ്യപ്പെടുത്തേണ്ടതും, അതില്ലാതായാൽ വരാൻ പോകുന്ന ഭവിഷ്യത്തുകളെപ്പറ്റി മുന്നറിയിപ്പ് നൽകേണ്ടതുമാണ്. കഴിയുന്നതും ഈ വിഭാഗക്കാർ തീവ്രചിന്തയുള്ളതും വിദ്വേഷമുണർത്തുന്നതുമായ പ്രസ്താവനകളിൽ നിന്നും പിന്തിരിഞ്ഞ് നിൽക്കേണ്ടതും, പല കാര്യങ്ങളിലും മിതത്വം പാലിക്കേണ്ടതുമാണ്.

പല വാർത്തകളും ഔചിത്യമില്ലാതെ സംപ്രേഷണം ചെയ്യുമ്പോൾ മാധ്യമങ്ങൾ അവർ പോലും അറിയാതെ മതസ്പർദ്ധ വളർത്തുന്നു. മാധ്യമധർമ്മം എന്നൊക്കെ പേരിട്ട് വാർത്ത നേരായി ജനങ്ങളിലേക്ക് എത്തിക്കുന്നു എന്ന് അവകാശപ്പെടുമ്പോഴും ആത്യന്തികമായി ചിലപ്പോൾ ഇത് ജനങ്ങൾക്ക് വളരെ ഉപദ്രവകരമായിത്തീരും. വാർത്ത ജനങ്ങളിലേക്ക് എത്തിക്കരുത് എന്നല്ല ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്; അതിൽ മിതത്വം പാലിക്കണം എന്നാണ്.

അടുത്ത തലത്തിലുള്ള മാറ്റം തീർത്തും സർക്കാരിനേ സാധ്യമാകൂ. അത് ഭരണഘടനയുടെ 44-ാം അനുച്ഛേദം (ഏകീകൃത സിവിൽ കോഡ്) നടപ്പിൽ വരുത്തുക എന്നതാണ്. പ്രായോഗികമായി വളരെ ബുദ്ധിമുട്ടുള്ളതാണെങ്കിലും ഏകീകൃത സിവിൽ കോഡ് നിലവിൽ വന്നാൽ മാത്രമേ ഭാരതം പൂർണ്ണമായും ഒരു സെക്യുലർ റിപ്പബ്ലിക് ആണെന്ന് നമുക്ക് അംഗീകരിക്കാൻ സാധിക്കൂ. അല്ലാത്തിടത്തോളം കാലം ഭാരതത്തിൽ ഏതെങ്കിലും തരത്തിലുള്ള മതാധിഷ്ഠിതമായ അല്ലെങ്കിൽ മതത്തോട് ബന്ധമുള്ള കാര്യങ്ങൾ നിയമങ്ങളുമായി കൂടിക്കലരുവാനുള്ള സാധ്യത കൂടുതലാണ്.



# ജീവിതത്തിന്റെ ക്യാന്റീൻ കണക്ക്

കഥകളെപ്പോലും വെല്ലുന്നതാണ് നിയമസഭാ സെക്രട്ടേറിയറ്റ് സ്റ്റാഫ് ക്യാന്റീൻ തൊഴിലാളി കെ. മോഹനൻ എന്ന എഞ്ചിനീയറിംഗ് ബിരുദധാരിയുടെ ജീവിതം. വർക്കലയ്ക്കടുത്ത് ഇലകമണിൽ ജനിച്ച മോഹനൻ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഗണിത ശാസ്ത്ര വിദ്യാർത്ഥിയായിരിക്കെയാണ് തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അഡ്മിഷൻ ലഭിക്കുന്നത്.

പഠനത്തിനാവശ്യമായ തുക കണ്ടെത്തുന്നതിനും കുടുംബത്തെ സഹായിക്കാനുമായി കൂലിപ്പണി ചെയ്തിരുന്ന മോഹനൻ, എഞ്ചിനീയറിംഗ് പഠനത്തിനായി ആശ്രയിച്ചിരുന്നത് സഹപാഠികളുടെ പാഠപുസ്തകങ്ങളും കോളേജ് ലൈബ്രറിയും. 1989-ൽ 57% മാർക്കോടെ ബി.ടെക് ബിരുദം നേടി. 1991-ൽ കൊല്ലം ടി.കെ. എം. എഞ്ചിനീയറിംഗ് കോളേജിലെ ആദ്യ ബാച്ചിൽ 'ക്രയോജനിക് എഞ്ചിനീയറിംഗിൽ' എം.ടെക്കിന് ചേർന്നു.

എം.ടെക്ക് ആദ്യ സെമസ്റ്റർ പഠിക്കുമ്പോഴാണ് വിധി മോഹനന്റെ ജീവിതത്തെ കീഴ്മേൽ മറിക്കുന്നത്. മരത്തിൽ നിന്ന് വീണ് കിടപ്പിലായ അച്ഛൻ മരിക്കുമ്പോൾ കുടുംബഭാരം മുഴുവൻ മോഹനന്റെ ചുമലിൽ എത്തപ്പെട്ടു. അതോടെ പഠനം മുടങ്ങി. അഞ്ച് സഹോദരിമാരും ഒരു സഹോദരനും അടങ്ങുന്ന കുടുംബം പുലർത്താൻ മറ്റ് മാർഗ്ഗങ്ങൾ അടഞ്ഞപ്പോൾ, കൂലിപ്പണി തന്നെ വീണ്ടും ഏറ്റെടുക്കേണ്ടി വന്നു.

കഷ്ടതകൾ നിറഞ്ഞ ബാല്യകൗമാരങ്ങളിൽ മനസ്സിൽ നട്ടുവളർത്തിയ 'അധ്യാപകനാകണം' എന്ന മോഹം ആഴത്തിൽ വേരോടിയതിനാലാവാം ജീവിതത്തിലെ വാതിലുകളെല്ലാം അടഞ്ഞപ്പോഴും ട്യൂട്ടോറിയൽ കോളേജും വീടുകളിൽ പോയി ട്യൂഷനെടുക്കുന്നതൊക്കെയായി മോഹനൻ മുന്നോട്ട് പോയത്. പല കാരണങ്ങളാൽ അതും പാതി വഴിയിൽ ഉപേക്ഷിച്ചു.

ഇതിനിടയിൽ മോഹനന്റെ ജീവിതകഥയുടെ പത്രവാർത്ത കണ്ട് അടൂരിലെ ഒരു സ്വകാര്യ നിർമ്മാണ കമ്പനി ജോലി നൽകി. ജോലി ലഭിച്ച് അധിക നാൾ കഴിയും മുമ്പേ കടബാധ്യതയാൽ കമ്പനി പൂട്ടി, തൊഴിലും നഷ്ടമായി. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സ്വകാര്യ കമ്പനിയിൽ ജോലി ലഭിച്ചുവെന്ന് വീണ്ടും വന്ന വാർത്ത പിന്നീടുള്ള പല അവസരങ്ങളെയും നഷ്ടപ്പെടുത്തി.

കഷ്ടപ്പാടുകൾക്കിടയിലും വിപ്ലവവീര്യം നഷ്ടമാകാത്ത മനസ്സുള്ളതിനാലാവാം 2005-ലെ പഞ്ചായത്ത് ഇലക്ഷനിൽ മോഹനൻ വിജയിച്ച് പഞ്ചായത്ത് വെൽഫയർ സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനായത്.

2003-ൽ മൂത്തമകൻ അംഗപരിമിതികളോടെ ജനിച്ചത് മോഹനനെ വീണ്ടും മാനസികമായി തളർത്തി. മകന്റെ പരിചരണത്തിനായി എപ്പോഴും ഒരാൾ വേണമെന്നതിനാൽ ഭാര്യക്ക് മറ്റ് ജോലികൾക്കൊന്നും പോകാൻ കഴിയുന്നില്ല. മക്കളുടെ പഠനം ഉൾപ്പെടെയുള്ള ചെലവുകൾ നടക്കുന്നത് മോഹനന്റെ ഏക വരുമാനത്തിലാണ്.

രണ്ട് വർഷങ്ങൾക്ക് മുൻപുണ്ടായ ഹൃദയാഘാതത്തിനുശേഷം മോഹനന് കൂലിപ്പണിക്ക് പോകാൻ കഴിയാതായി. എഞ്ചിനീയറിംഗ് ബിരുദത്തിന്റെ ഭാരവും, കയ്പേറിയ ജീവിതാനുഭവങ്ങളും മാറ്റി വച്ച് നിയമസഭാ സ്റ്റാഫ് ക്യാന്റീനിൽ ദിവസവേതനത്തിന് പണിയെടുക്കുമ്പോഴും ഭാവിയെക്കുറിച്ചുള്ള ചിന്ത ഇദ്ദേഹത്തെ വല്ലാതെ വേട്ടയാടുന്നു. വിധി സമ്മാനിച്ച നിർഭാഗ്യങ്ങളുടെ മരവിപ്പിനെ ഭേദിക്കാൻ ഒരു ക്രയോജനിക്ക് സാങ്കേതിക വിദ്യയ്ക്കും കഴിയില്ലെന്ന തിരിച്ചറിവിൽ ജീവിത സമരപാതയിൽ ഏതു ജോലിക്കും അതിന്റേതായ മാന്യതയുണ്ടെന്ന് വിശ്വസിച്ച് മോഹനൻ മുന്നോട്ട് പോകുകയാണ്.

## കുട്ടികളുടെ ലൈബ്രറി



നിയമസഭാ സമുച്ചയത്തിൽ ജി.കാർത്തികേയൻ മ്യൂസിയം കെട്ടിടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന കുട്ടികളുടെ ലൈബ്രറി 2018 നവംബർ 1 ന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ 204-ാം നമ്പർ മുറിയിലേക്ക് മാറ്റി സ്ഥാപിച്ചു.

പാർലമെന്റ് ലൈബ്രറിയിലെ ചിൽഡ്രൻസ് കോർണറിനു സമാനമായ രീതിയിൽ സ്ഥാപിച്ചിട്ടുള്ളതാണ് കുട്ടികളുടെ ലൈബ്രറി. സംസ്ഥാന നിയമസഭകളിൽ ആദ്യമായി കുട്ടികൾക്കുവേണ്ടി ലൈബ്രറി ആരംഭിച്ചിട്ടുള്ളത് കേരളത്തിലാണ്. 2016 ഫെബ്രുവരി 25 നാണ് പ്രവർത്തനം തുടങ്ങിയത്. കുട്ടികൾക്കനുയോജ്യമായ വിവിധ വിഷയങ്ങളിലുള്ള 1490 പുസ്തകങ്ങളും, 354 സി.ഡി/ഡി.വി.ഡി കളും 980 ഇ-ബുക്കുകളും ഉൾക്കൊള്ളുന്ന വിജ്ഞാന ശേഖരമാണ് ലൈബ്രറിയിൽ നിലവിലുള്ളത്.

നിയമസഭാ സംവിധാനത്തെക്കുറിച്ചുള്ള ആഭിമുഖ്യം കുട്ടികളിൽ വളർത്തുകയും, അവരിൽ വായനാശീലം വളർത്തുകയും ലക്ഷ്യമിട്ടിട്ടുള്ളതാണ് കുട്ടികളുടെ ലൈബ്രറിയുടെ പ്രവർത്തനം. നിയമസഭാ ലൈബ്രറിയുടെ വിപുലമായ പുസ്തകശേഖരവും വിജ്ഞാന വിനിമയ സംവിധാനവും സംബന്ധിച്ച് കുട്ടികൾക്ക് അറിവ് നൽകുവാനും ഇതിലൂടെ ലക്ഷ്യമിടുന്നു. വിവിധ വിഷയങ്ങളിൽ വിജ്ഞാനം പകരുന്നതും വ്യക്തിത്വവികസനത്തിനുതകുന്നതുമായ കിളിമൊഴി, നമ്മുടെ നിയമസഭ, അറിവിന്റെ ആഴങ്ങൾ, ചങ്ങാതിക്കൂട്ടം എന്നീ പരിപാടികൾ കുട്ടികളുടെ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികളുമായി സംവദിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ലൈബ്രറി ബ്ലോഗ് പ്രസിദ്ധീകരണം http://klachildrenslibrary.wordpress.com എന്ന ലിങ്കിൽ ലഭ്യമാണ്.




# ഭരണഘടനാ സാക്ഷരതാ ജനകീയ വിദ്യാഭ്യാസ പരിപാടി

ഇന്ത്യൻ ഭരണഘടനയെ സംബന്ധിച്ച അടിസ്ഥാനപരമായ അറിവ് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി വൈവിധ്യമാർന്ന പരിപാടികൾ കേരള നിയമസഭ സംഘടിപ്പിക്കുന്നു. ആദ്യപടിയായി സംസ്ഥാനവ്യാപകമായി ആയിരം വിദ്യാലയങ്ങളിൽ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി ഭരണഘടനാ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. കൂടാതെ കേരള നിയമസഭയുടേയും കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ ഭരണഘടനാ സാക്ഷരതാ ജനകീയ വിദ്യാഭ്യാസപരിപാടിക്കും തുടക്കം കുറിച്ചു. സ്വാതന്ത്ര്യം, സമത്വം, ജനാധിപത്യം, സാമൂഹ്യനീതി, പൗരാവകാശം, പൗരന്മാരുടെ കടമ തുടങ്ങിയ ഭരണഘടനാപരമായ ആശയങ്ങൾ സംബന്ധിച്ച് സാമാന്യ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജനകീയ വിദ്യാഭ്യാസ പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്.

2018 നവംബർ 26 രാവിലെ 10.00 മണിക്ക് പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്ന് ആരംഭിച്ച് വി.ജെ.റ്റി. ഹാളിൽ എത്തിച്ചേർന്ന 'ഭരണഘടനാ സാക്ഷരതാ സന്ദേശ റാലി'യോടു കൂടിയാണ് ഭരണഘടനാ സാക്ഷരതാ – ജനകീയ വിദ്യാഭ്യാസ പരിപാടി ആരംഭിച്ചത്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ വി.ജെ.റ്റി. ഹാളിൽ നിർവ്വഹിച്ചു. കേരള വിദ്യാഭ്യാസ വകുപ്പ്മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ്, പുരുഷൻ കടലുണ്ടി എം.എൽ.എ., കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ ഡോ.പി.എസ്.ശ്രീകല, നവകേരള മിഷൻ കോ–ഓർഡിനേറ്റർ ചെറിയാൻ ഫിലിപ്പ്, നിയമസഭാ സെക്രട്ടറി വി.കെ.ബാബുപ്രകാശ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ മുൻ വൈസ് ചാൻസലർ ഡോ.എൻ. കെ.ജയകുമാർ മുഖ്യപ്രഭാഷണം നടത്തി.

ഇന്ത്യൻ ഭരണഘടനാ നിർമ്മാണസഭ, കേരള നിയമസഭ എന്നിവയുമായി ബന്ധപ്പെട്ട പ്രധാന വസ്തുതകളെ അടിസ്ഥാനമാക്കി നിയമസഭാ മ്യൂസിയം വിഭാഗം വി.ജെ.റ്റി ഹാളിൽ പ്രദർശനം സംഘടിപ്പിച്ചു.

## സ്പീക്കറുടെ പൊതുപരിപാടികൾ



### പൊന്നാനിയിലെ **തണലിടങ്ങൾ**

പൊന്നാനി നിയോജകമണ്ഡലത്തിലെ പൊതു നിരത്തുകളിൽ ആധുനിക രീതിയിലുള്ള ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്ന 'തണലിടം' പദ്ധതി സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഹൈമാസ്റ്റ് ലൈറ്റുകളില്ലാത്ത സ്ഥലങ്ങളിൽ 'പ്രകാശിത കവലകൾ' പദ്ധതിയും പ്രധാന ജംഗ്ഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്ന 'സുരക്ഷിത പൊന്നാനി' പദ്ധതിയും ഇതോടൊപ്പം നടപ്പിലാക്കുകയാണ്.



### 'പെപ്പറി'ലൂടെ പൊന്നാനിയെ ടൂറിസ്റ്റ് ഹബ്ബാക്കും

'പെപ്പർ'(PEPPER) പദ്ധതിയിലൂടെ പൊന്നാനി, സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് ഹബ്ബായി മാറുമെന്ന് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ. ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന പൊന്നാനി പദ്ധതിയുടെയും ഏകദിന ശിൽപ്പശാലയുടെയും ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പെപ്പർ പദ്ധതിയോടനുബന്ധിച്ച് ടൂറിസം ഗ്രാമസഭകൾ സംഘടിപ്പിക്കുമെന്നും സ്പീക്കർ പറഞ്ഞു. വിനോദസഞ്ചാര മേഖലയിൽ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതിയാണിത്.

### പൊന്നാനിയ്ക്ക് മുസ്‌രിസ് പൈതൃക സംരക്ഷണം

നൂറ്റാണ്ടുകൾ പഴക്കമുള്ള പൊന്നാനിയുടെ പൈതൃകസംരക്ഷണം മുസ്‌രിസ് പൈതൃകസംരക്ഷണ പദ്ധതിയുടെ ഭാഗമാക്കാൻ ധാരണ. സ്പീക്കർ പി.ശ്രീരാമകൃഷ്ണനുമായി മുസ്‌രിസ് സംഘം ഇക്കാര്യത്തിൽ ചർച്ച നടത്തി. നിലവിൽ പഴയ കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിനും പറവൂരിനും ഇടയിലെ ചരിത്ര സ്മാരകങ്ങളും പൈതൃകങ്ങളും ജലപാതകളും കോർത്തിണക്കുന്ന വിനോദസഞ്ചാര പദ്ധതിയാണ് മുസ്‌രിസ് പൈതൃകസംരക്ഷണ പദ്ധതി. പൈതൃക സംരക്ഷണത്തിന്റെ ഭാഗമായി ടൂറിസം വകുപ്പ് നടപ്പാക്കുന്ന സ്പൈസസ് റൂട്ടിന്റെ ഭാഗമായാണ് പൊന്നാനിയെ മുസ്‌രിസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

പൊന്നാനി നഗരസഭാപരിധിയിലെ ചരിത്രസ്മാരകങ്ങൾ, കെട്ടിടങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ,ഊടുവഴികൾ, പള്ളികൾ, ക്ഷേത്രങ്ങൾ, പൊതുനിരത്തുകൾ എന്നിവയാണ് പൈതൃകസംരക്ഷണത്തിന്റെ ഭാഗമാക്കുന്നത്. പൊന്നാനിയിലെ പൈതൃകസംരക്ഷണ മേഖലകൾ ഒരു ദിവസം കൊണ്ട് കണ്ടുതീർക്കാവുന്ന തരത്തിലാണ് പദ്ധതിക്ക് രൂപം നൽകുന്നത്.



### ഭരണഘടനാ സാക്ഷരത പുസ്തക പ്രകാശനം

ഇന്ത്യൻ ഭരണഘടനയെ സംബന്ധിച്ച് അടിസ്ഥാനപരമായ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നിയമസഭയുടെയും സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ഭരണഘടനാ സാക്ഷരത – ജനകീയ വിദ്യാഭ്യാസ പരിപാടിക്കായി തയ്യാറാക്കിയിട്ടുള്ള 'ഭരണഘടനാ സാക്ഷരതാ പുസ്തക'ത്തിന്റെ പ്രകാശനം 2018 ഡിസംബർ 6–ന് നിയമസഭാ മന്ദിരത്തിലെ ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ച ചടങ്ങിൽ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ നിർവ്വഹിച്ചു. പരിപാടിയിൽ സഹകരണവകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രൻ, വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ്, നിയമസഭാ സെക്രട്ടറി വി.കെ.ബാബുപ്രകാശ് എന്നിവർ പങ്കെടുത്തു. തുടർന്ന് ഭരണഘടനയെ സംബന്ധിച്ച് ജസ്റ്റിസ് (റിട്ട.) കെ.കെ.ദിനേശൻ പ്രഭാഷണം നടത്തി.

# നിയമസഭാ സമുച്ചയത്തിലെ പ്രധാന പരിപാടികൾ



## കെ.ആർ. നാരായണന്റെ ചരമവാർഷിക ദിനാചരണം

മുൻ രാഷ്ട്രപതി കെ.ആർ.നാരായണന്റെ ചരമ വാർഷികദിനമായ 2018 നവംബർ 9–ാം തീയതി രാവിലെ 9.00 മണിക്ക് നിയമസഭാസമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള അദ്ദേഹത്തിന്റെ അർദ്ധകായ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ വി.ശശി, നിയമസഭാ സെക്രട്ടറി വി.കെ.ബാബുപ്രകാശ് എന്നിവർ പുഷ്പാർച്ചന നടത്തി.

## ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനാചരണം

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനാചരണത്തിന്റെ ഭാഗമായി 2018 നവംബർ 14–ാം തീയതി രാവിലെ 9.00 മണിക്ക് നിയമസഭാസമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള അദ്ദേഹത്തിന്റെ പ്രതിമയിൽ നിയമസഭാ സെക്രട്ടറി വി.കെ.ബാബുപ്രകാശ് പുഷ്പാർച്ചന നടത്തി.

## ഭരണഘടനാ ദിനാചരണം

നവംബർ 26 ഭരണഘടനാ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി 2018 നവംബർ 26, രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ ഭരണഘടനയുടെ ആമുഖം സ്പെഷ്യൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ജീവനക്കാർ വായിച്ചു.

അംബേദ്കറുടെ 125–ാമത് ജന്മവാർഷികം 2015 ലായിരുന്നു. മുംബെയിൽ 2015 ഒക്ടോബർ 11 ന് ബി. ആർ. അംബേദ്കർ മെമ്മോറിയലിന്റെ ശിലാസ്ഥാപനചടങ്ങിലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ ദിനാചരണത്തെ സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. ഭരണഘടനയുടെ പ്രാധാന്യത്തെക്കുറിച്ചും അംബേദ്കറുടെ ആശയങ്ങളെക്കുറിച്ചുമുള്ള പ്രചരണമാണ് ഈ ദിനം ലക്ഷ്യമിടുന്നത്. അതുവരെ നവംബർ 26 നിയമദിനമായാണ് ആചരിച്ചിരുന്നത്.

## ബി.ആർ. അംബേദ്കർ ചരമവാർഷിക ദിനാചരണം

ഡോ.ബി.ആർ.അംബേദ്കർ ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായി 2018 ഡിസംബർ 6–ാം തീയതി രാവിലെ 8.30 ന് നിയമസഭാ സമുച്ചയത്തിലെ അദ്ദേഹത്തിന്റെ പ്രതിമയിൽ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ പുഷ്പാർച്ചന നടത്തി. ചടങ്ങിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി എ.കെ. ബാലൻ, നിയമസഭാ സെക്രട്ടറി വി.കെ.ബാബുപ്രകാശ് തുടങ്ങിയവർ പങ്കെടുത്തു.

## മനുഷ്യാവകാശ ദിനാചരണം

മനുഷ്യാവകാശ ദിനാചരണവുമായി ബന്ധപ്പെട്ട് 2018 ഡിസംബർ 10–ന് രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാർ സ്പെഷ്യൽ സെക്രട്ടറി ജി.സുമകുമാരിയുടെ നേതൃത്വത്തിൽ മനുഷ്യാവകാശ പ്രതിജ്ഞ എടുത്തു.

> “വിവിധ ചിന്താഗതികളുടെയും നിലപാടുകളുടെയും സമീപനങ്ങളുടെയും സത്താപരമായ വൈവിദ്ധ്യം ഒരു ജനാധിപത്യ രാഷ്ട്രത്തിൽ നമുക്ക് നിഷേധിക്കാനാവില്ല. എങ്കിലും സഹിഷ്ണുത,ദയ,കാരുണ്യം,സമാധാനപൂർണ്ണമായ സഹവർത്തിത്വം, ജീവനോടുള്ള ബഹുമാനം, പ്രകൃതിയോടുളള ഏകീഭാവം എന്നിവ ഒരു സംസ്ക്കാരത്തിന്റെ അടിസ്ഥാന ശിലകളാണ്.”
>
> ജവഹർലാൽ നെഹ്രു



# പത്രോസിന്റെ പടക്കുതിരയും സമ്മേളിക്കാത്ത നിയമസഭയും



"പത്രോസിന്റെ പടക്കുതിര പച്ചീറിപ്പാഞ്ഞു വരുന്നുണ്ടേ എണ്ണാമെങ്കിൽ എണ്ണിക്കോ നാളെ കള്ളം പറയരുത്"

1965–ൽ മൂന്നാം കേരള നിയമസഭയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ നിന്നും ജയിച്ചത് കേരളാ കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിച്ച എ.റ്റി. പത്രോസ് ആയിരുന്നു. എതിർപക്ഷത്തെ രണ്ടു സ്ഥാനാർത്ഥികളെയും മലർത്തിയടിച്ച് പത്രോസ് ജയിച്ചു കയറി. പക്ഷേ വിജയം പാഴായിപ്പോയി. ഏഴുദിവസം മാത്രം പ്രാബല്യത്തിലിരുന്ന സഭ, അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുംമുമ്പെ പിരിച്ചുവിട്ടു.

1965–ൽ നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടവരിൽ 32 പേർ അതിനു മുൻപോ പിൻപോ കേരളനിയമസഭയിൽ അംഗമാകാത്തവരായിരുന്നു. കേരളത്തിലെ നിയമനിർമ്മാണ സഭകളുടെ 125–ാം വാർഷികം ആഘോഷിച്ച വേളയിൽ മേൽപ്പറഞ്ഞ 32 വ്യക്തികളിൽ ജീവിച്ചിരിക്കുന്ന ഏക വ്യക്തിയായ എ.റ്റി.പത്രോസിനെ നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ 2012 ഒക്ടോബർ 13–ാം തീയതി അദ്ദേഹത്തിന്റെ വസതിയിൽ എത്തി പൊന്നാട അണിയിച്ച് ആദരിക്കുകയും സ്പീക്കറുടെ പ്രത്യേക ഉപഹാരം സമ്മാനിക്കുകയും ചെയ്തു. 1965 ന് മുമ്പും അതിനുശേഷവും കേരളത്തിലുണ്ടായ രാഷ്ട്രീയ സാമൂഹിക സാമുദായിക പരിവർത്തനങ്ങളെക്കുറിച്ചുള്ള തന്റെ വിലയിരുത്തൽ അദ്ദേഹം തദവസരത്തിൽ പങ്കുവയ്ക്കുകയുണ്ടായി.

1965–ലെ പൊതുതെരഞ്ഞെടുപ്പിനെത്തുടർന്ന് ഒരു സർക്കാർ രൂപീകരിക്കാനാകാതെ പോയ രാഷ്ട്രീയ സാഹചര്യത്തിന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 1964–ലെ പിളർപ്പ് ഒരു പ്രധാന കാരണമാണെന്ന് വിലയിരുത്തിയ അദ്ദേഹം കേരള കോൺഗ്രസ്സിന്റെ രൂപീകരണവും അതിന് ലഭിച്ച ജനപിന്തുണയും മറ്റ് പ്രധാനകാരണങ്ങളായിരുന്നുവെന്ന് വിലയിരുത്തുകയുണ്ടായി. മത്സരിച്ച 54 സീറ്റുകളിൽ 23 എണ്ണത്തിൽ അദ്ദേഹമുൾപ്പെടെയുള്ള കോൺഗ്രസ് സ്ഥാനാർത്ഥികൾ വിജയിച്ചു എന്നത് ഒരു പ്രത്യേകതയാണ്.

സി.പി.ഐ(എം), കേരള കോൺഗ്രസ്സുമായി സഹകരിച്ച് ഒരു മന്ത്രിസഭ രൂപീകരിക്കാനുള്ള ശ്രമം നടക്കാതെപോയത് ഏതുസാഹചര്യത്തിലായിരുന്നുവെന്ന ചോദ്യത്തിന് അപ്രകാരമൊരു മുന്നണി സർക്കാർ രൂപീകരിക്കുവാനുള്ള ശ്രമം കോൺഗ്രസ്സിന്റെ കേന്ദ്ര നേതൃത്വം നടത്തിയ എതിർനീക്കങ്ങളുടെ ഫലമായാണ് പരാജയപ്പെട്ടതെന്ന് അദ്ദേഹം വിലയിരുത്തി.

നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം എന്ന നിലയ്ക്ക് പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കണമെന്ന് ആഗ്രഹിച്ചിട്ടില്ല എന്നും സഭാസമ്മേളനത്തിൽ പങ്കെടുത്തില്ല എന്നത് ജനപ്രതിനിധി എന്ന നിലയിലെ തന്റെ പ്രവർത്തനത്തിന് ഒരുവിധത്തിലും തടസ്സമായിട്ടില്ല എന്നും അദ്ദേഹം വ്യക്തമാക്കി. സങ്കുചിത, സ്വാർത്ഥ താൽപര്യങ്ങൾ കണക്കാക്കാതെ ജനങ്ങളുടെ പൊതുനന്മ മുൻനിർത്തി പ്രവർത്തിക്കുന്ന ഒരു പുതുതലമുറയും മതം, പ്രാദേശികത, വർഗ്ഗീയത എന്നീ ചിന്തകൾ വെടിഞ്ഞ് ദേശീയ താൽപര്യം സംരക്ഷിക്കാൻ കഴിവുള്ള നേതാക്കളും രാജ്യത്ത് ഉണ്ടാകേണ്ടതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

പാർലമെന്ററി ജനാധിപത്യത്തിന്റെ ചരിത്രത്തിൽ അപൂർവ്വതയുടെ സവിശേഷതയാൽ ശ്രദ്ധേയമാണ് 1965–ലെ കേരള നിയമസഭാ തെരഞ്ഞെടുപ്പ്. കേരളത്തിന്റെ നിയമനിർമ്മാണസഭകളുടെ ചരിത്രത്തിലാദ്യമായി തെരഞ്ഞെടുപ്പിനുശേഷം സർക്കാർ രൂപീകരിക്കുവാനോ നിയമസഭ സമ്മേളിക്കാനോ കഴിയാതെവന്നത് 1965 ലാണ്. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ സുപ്രധാനമായ രാഷ്ട്രീയ ധ്രുവീകരണങ്ങൾക്കും മുന്നണി സമവാക്യങ്ങൾക്കും വഴിതെളിച്ച തെരഞ്ഞെടുപ്പ് കൂടിയായിരുന്നു ഇത്. ഭാരതത്തിലെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ പരിഷ്കാരങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും പേരിൽ ലോകശ്രദ്ധ നേടിയ ഒരിന്ത്യൻ സംസ്ഥാനമെന്ന നിലയിൽ കേരളത്തിലെ 1965–ലെ തെരഞ്ഞെടുപ്പും സമ്മേളിക്കാനാകാതെ വന്ന നിയമസഭയും ലോകശ്രദ്ധനേടുകയും ദേശീയ, അന്തർദ്ദേശീയതലങ്ങളിൽ ഗവേഷണപഠനങ്ങൾക്ക് വിധേയമാകുകയും ചെയ്തു.

രണ്ടാം കേരള നിയമസഭയിൽ ആർ.ശങ്കറിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് മന്ത്രിസഭയ്ക്കെതിരെ 1964 സെപ്റ്റംബർ മാസം പി.എസ്.പി. നേതാവ് പി.കെ.കുഞ്ഞ് അവിശ്വാസ പ്രമേയം അവതരിപ്പിച്ചു. അവിശ്വാസ പ്രമേയത്തിന്മേൽ നടന്ന വോട്ടെടുപ്പിൽ 15 കോൺഗ്രസ് എം.എൽ.എ.മാർ പ്രതിപക്ഷത്തോടൊപ്പം ചേർന്ന് അവിശ്വാസ പ്രമേയത്തെ അനുകൂലിച്ച് വോട്ട് ചെയ്തു. തുടർന്ന് അവിശ്വാസ പ്രമേയം പാസ്സാവുകയും മന്ത്രിസഭ രാജിവയ്ക്കുകയും നിയമസഭ പിരിച്ചുവിടുകയും ചെയ്യപ്പെട്ടു. അതിനെതുടർന്ന് 1964 സെപ്റ്റംബർ മാസം 10–ാം തീയതി മുതൽ സംസ്ഥാനം മൂന്നാമതും രാഷ്ട്രപതി ഭരണത്തിൻ കീഴിലാവുകയും ചെയ്തു. ഇതേ തുടർന്നാണ് മൂന്നാം കേരള നിയമസഭയിലേക്ക് പൊതുതെരഞ്ഞെടുപ്പിന് കളമൊരുങ്ങിയത്. സംസ്ഥാന രൂപീകരണത്തിനു ശേഷമുള്ള ആദ്യ മണ്ഡല പുനഃക്രമീകരണശേഷമാണ് 1965 മാർച്ച് മാസം 4–ാം തീയതി ഈ പൊതുതെരഞ്ഞെടുപ്പ് നടന്നത്.

ഈ തെരഞ്ഞെടുപ്പിൽ സഖ്യങ്ങളില്ലാതെ തെരഞ്ഞെടുപ്പിനെ നേരിട്ട ഏക രാഷ്ട്രീയകക്ഷി ഇന്ത്യൻ നാഷണൽ കോൺഗ്രസായിരുന്നു. നാൽപത് സീറ്റുകളുമായി ഏറ്റവും കൂടുതൽ സീറ്റുകൾ നേടിയത് സി.പി.ഐ.(എം) ആയിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന് 36 സീറ്റുകൾ ലഭിച്ചു. മത്സരിച്ച 54 സീറ്റുകളിൽ 23 സീറ്റുകൾ നേടിയ കേരള കോൺഗ്രസ് ആകെ പോൾ ചെയ്ത വോട്ടുകളിൽ 12.58% നേടി. ലഭിച്ച വോട്ടുകളുടെ ശതമാനം പരിഗണിക്കുമ്പോൾ കേരള കോൺഗ്രസ് മൂന്നാം സ്ഥാനത്തായിരുന്നു.

തെരഞ്ഞെടുപ്പിൽ ഒരു കക്ഷിക്കും വ്യക്തമായ ഭൂരിപക്ഷം ലഭിക്കാതിരുന്ന സാഹചര്യത്തിൽ കൂട്ടുമന്ത്രിസഭ രൂപീകരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷിനേതാക്കളുമായി ഗവർണ്ണർ നടത്തിയ കൂടിയാലോചനകൾ ഫലം കണ്ടില്ല. ഈ സാഹചര്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടതും അതേ സമയം വിളിച്ചു ചേർക്കപ്പെടാത്തതുമായ നിയമസഭ ഭരണഘടനയുടെ 356–ാം അനുച്ഛേദ പ്രകാരം പിരിച്ചുവിടപ്പെടുകയും സംസ്ഥാനത്ത് രാഷ്ട്രപതി ഭരണം നിലവിൽ വരുകയും ചെയ്തു.

സംസ്ഥാനത്തെ ആദ്യ മുഖ്യമന്ത്രിയായിരുന്ന ഇ.എം. എസ്. നമ്പൂതിരിപ്പാട് പട്ടാമ്പി നിയോജകമണ്ഡലത്തിൽ നിന്നും സംസ്ഥാനത്തെ മുന്നണി സംവിധാനത്തിന്റെ ആചാര്യനായി കരുതപ്പെടുന്ന കെ.കരുണാകരൻ മാള നിയോജകമണ്ഡലത്തിൽ നിന്നും 1965 ൽ തെരഞ്ഞെടുക്കപ്പെട്ടു. കേരള കോൺഗ്രസ്സിലെ കെ.എം.ജോർജ്, കെ.എം.മാണി, ആർ.ബാലകൃഷ്ണപിള്ള എന്നിവരും സി.പി.ഐ.(എം) ലെ സുശീലാ ഗോപാലൻ, കെ.ആർ. ഗൗരിയമ്മ എന്നിവരും ഈ തെരഞ്ഞെടുപ്പിൽ വിജയിച്ച പ്രമുഖരിൽ ഉൾപ്പെടുന്നു. കേരള കോൺഗ്രസ്സിന്റെ ഏക വനിതാ സ്ഥാനാർത്ഥി കെ.ആർ. സരസ്വതിയമ്മ ചെങ്ങന്നൂരിൽ നിന്ന് വിജയിച്ചു. കോൺഗ്രസ്സിന്റെ 5 വനിതാ സ്ഥാനാർത്ഥികളിൽ ഒരാൾക്കുപോലും വിജയിക്കാനായില്ല. 29 സി.പി.ഐ (എം) ജനപ്രതിനിധികൾ കരുതൽ തടങ്കലിലായിരുന്നു.

1965–ലെ വിളിച്ചുചേർക്കാത്ത നിയമസഭ പിരിച്ചുവിട്ട നടപടിയുടെ ഭരണഘടനാ സാധുത ചോദ്യം ചെയ്തുകൊണ്ട് കെ.കെ.അബു കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. (Sri.K.K. Abu v. Union of India, AIR 1965 Kerala V52c92).കെ.കെ. അബു സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളുകയാണുണ്ടായത്.

മൂന്നാം കേരള നിയമസഭയിലേക്കുള്ള അടുത്ത പൊതുതെരഞ്ഞെടുപ്പ് 1967–ൽ നടന്നു. സി.പി.ഐ.(എം) നയിച്ച സപ്തകക്ഷി മുന്നണി തെരഞ്ഞെടുപ്പിൽ വ്യക്തമായ ഭൂരിപക്ഷം നേടി, ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ 1967 മാർച്ച് പത്താം തീയതി മന്ത്രിസഭ അധികാരമേറ്റു എന്നതും കേരള സംസ്ഥാനത്തിന്റെ ചടുലമായ തുടർചരിത്രം.

നമ്മുടെ ജനാധിപത്യ ചരിത്രത്തിൽ 1965–ലെ തെരഞ്ഞെടുപ്പും രാഷ്ട്രീയവും നിയമസഭയും വേറിട്ടുനിൽക്കുന്നു. നമ്മുടെ നിയമ നിർമ്മാണസഭയുടെ ചരിത്രത്തിൽ ഇത് ഒറ്റത്തവണ സംഭവിച്ച യാദൃശ്ചികതയാകാം. പക്ഷേ ഇത് ഒരു കേവല ചരിത്രകൗതുകം മാത്രമല്ല. പിൽക്കാല കേരള രാഷ്ട്രീയത്തിന്റെ പ്രവാഹത്തെ നിർണ്ണായകമായി സ്വാധീനിച്ച ഒരൊഴുക്കിന്റെ തുടക്കം കൂടിയായിരുന്നു.

പ്രത്യയശാസ്ത്രത്തെ കൂട്ടുപിടിച്ച് തെരഞ്ഞെടുപ്പിൽ ഒറ്റയ്ക്കൊറ്റയ്ക്ക് മത്സരിക്കാൻ രാഷ്ട്രീയപ്പാർട്ടികൾ പ്രകടിപ്പിച്ച മനോധൈര്യവും അധികാരത്തിനുവേണ്ടി തെരഞ്ഞെടുപ്പുരാഷ്ട്രീയത്തെ തള്ളിപ്പറയാതിരുന്ന പാർട്ടിനേതൃത്വവും കേരള രാഷ്ട്രീയചരിത്രത്തിൽ വേറിട്ടുനിൽക്കുകതന്നെ ചെയ്യും. തെരഞ്ഞെടുപ്പിനുശേഷമുള്ള രൂപീകരിക്കാത്ത സർക്കാരും സമ്മേളിക്കാത്ത സഭയും തെരഞ്ഞെടുക്കപ്പെട്ടിട്ടും പിന്നീടൊരിക്കലും നിയമസഭയിലെത്താനാകാതെ പോയ 32 സാമാജികരും സംയുക്തമായി കേരള രാഷ്ട്രീയ ചരിത്രത്തിൽ എഴുതിച്ചേർത്തത് കേവലം കുറേ സംഭവവികാസങ്ങൾ മാത്രമായിരുന്നില്ല; മറിച്ച് ഭാവിതലമുറയ്ക്കുവേണ്ടിയുള്ള ശക്തമായൊരു ഓർമ്മപ്പെടുത്തൽ കൂടിയായിരുന്നു.

**(വിശദ വിവരങ്ങൾക്ക് കേരള നിയമസഭയുടെ ശതോത്തര രജതജൂബിലി സ്മരണിക കാണുക)**

കേരള നിയമസഭാ സെക്രട്ടേറിയറ്റിനു വേണ്ടി നിയമസഭാ സെക്രട്ടറി പ്രസിദ്ധീകരിക്കുന്നത്.
വിവരവിഭവ വികസന വിഭാഗം ഫോൺ : (0471) 2512667; ഇ-മെയിൽ : kladrd@gmail.com വെബ്സൈറ്റ് : www.niyamasabha.org